TAB

# TRICHUR ARCHDIOCESAN BULLETIN

2023 നവംബർ വാല്യം: 90 ലക്കം: 11




**പത്രോസിന്റെ വിശ്വാസപ്രഖ്യാപനം** (മത്താ. 16, 18)



**നവംബർ 30ന്**
**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന**
**അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്**
**തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**



Mar Andrews Thazhath meets Pope Francis during the first phase of XVI General Ordinary Assembly of the Synod of Bishops, Vatican *(2023 October 04- 29)*



Trichur Archdiocesan Bulletin TAB
ESTD: 1934

**നവംബർ 2023**

ലക്കം: 11 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| കച്ചേരിക്കാര്യം | 4 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 10 |
| സഹായമെത്രാന്റെ പരിപാടികൾ | 12 |
| നാളാഗമം | 14 |
| നാമകരണ നടപടികൾ | 19 |
| വൈദികർ | 23 |
| സന്യസ്തർ | 25 |
| സാമ്പത്തിക കാര്യാലയം | 30 |
| മതബോധനം | 33 |
| സ്ഥാപനങ്ങൾ | 37 |
| സംഘടനകൾ | 53 |

# കച്ചേരി വാർത്തകൾ

നവംബർ 2023

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : സകല വിശുദ്ധരുടെയും തിരുനാൾ
2 : സകല മരിച്ചവരുടെയും ഓർമ്മ
3 : *ആദ്യവെള്ളി*
5 : **പള്ളിക്കൂദാശ ഒന്നാം ഞായർ**
വി. സഖറിയായും വി. ഏലീശ്വായും
12 : **പള്ളിക്കൂദാശ രണ്ടാം ഞായർ**
19 : **പള്ളിക്കൂദാശ മൂന്നാം ഞായർ**
21 : മാർതോമാശ്ലീഹായുടെ ഭാരതപ്രവേശനം
26 : **പള്ളിക്കൂദാശ നാലാം ഞായർ**
മിശിഹായുടെ രാജത്വതിരുനാൾ
30 : വി. അന്ത്രയോസ് ശ്ലീഹാ

## 2. നവംബർ മാസത്തെ പരിപാടികൾ

4 : സെന്റ് മേരീസ് സെമിനാരി ഹോം ഡേ (10:30 pm)
: സംഘടന ഏകോപനസമിതി യോഗം (2:30 pm)
6 : മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ
50–ാം ചരമവാർഷികം
8 : മേരിമാത മേജർ സെമിനാരി ഹോം ഡേ
10 : ഫൊറോനവികാരിമാരുടെ യോഗം (10:00 am)
ആലോചനസമിതിയോഗം (3:00 pm)
11 : പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ (2:00 pm)
16 : ഇന്റർ കൂരിയ മീറ്റിംഗ് (2:00 pm)
18 : സന്യസ്തജൂബിലി (10:00 am)
22–23 : അതിരൂപതാവൈദികരുടെ പിക്നിക്
25 : കൈക്കാരന്മാരുടെയും, കണക്കെഴുത്തുകാരുടെയും
യോഗം (9:00 am)
30 : വൈദികമാസധ്യാനവും വൈദിക ഏകദിനസമ്മേളനവും

: മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ
നാമഹേതുകതിരുനാൾ

**3. പള്ളിക്കൂദാശകാലം**

ആരാധനവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം. ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജറുസലെമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന കാലഘട്ടമാണിത്.

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസഭയുടെ സ്വർഗീയ മഹത്ത്വരഹസ്യത്തിൽ പൂർത്തിയാകുംവിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

**4. നാമഹേതുക തിരുനാൾ & മെത്രാഭിഷേക വാർഷികം**

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, നവംബർ 18നു മെത്രാഭിഷേകവാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ. അന്നേദിവസങ്ങളിൽ അതിരൂപതയിലെ എല്ലാ പള്ളികളിലും, സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. 25 നോമ്പ്:**

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

**6. മാർ ജോർജ് ആലപ്പാട്ട് പിതാവിന്റെ 50–ാം ചരമവാർഷികം**: മാർ ജോർജ് ആലപ്പാട്ട് പിതാവിന്റെ അൻപതാം ചരമവാർഷികം നവംബർ 6–ാം തീയ്യതി ആണ്. അന്നേ ദിവസം രാവിലെ

കരാഞ്ചിറ മഠത്തിലും, ഉച്ചകഴിഞ്ഞു തൃശൂർ ലൂർദ്ദ് പള്ളിയിലും കുർബാനയും പ്രത്യേക പ്രാർത്ഥനകളും നടക്കുന്നു. ഏവരെയും ക്ഷണിക്കുന്നു.

**7. സന്യസ്ത ജൂബിലി 2023**

നവംബർ 18 ശനിയാഴ്ച്ച രാവിലെ 10.00ന് ഡി.ബി.സി.എൽ.സി.യിൽ അതിരൂപത സന്യസ്ത രജത–സുവർണ്ണ ജൂബിലി ആഘോഷിക്കുന്നു.

**8. പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2023 നവംബർ 11–ന് ശനിയാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തുന്നു.

**9. വൈദിക മാസധ്യാനവും വൈദിക ഏകദിനസമ്മേളനവും:**

വൈദികരുടെ മാസധ്യാനം നവംബർ 30 ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**10. ഓഫീസ് അവധി :**

2023 ഡിസംബർ 20 മുതൽ 2024 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**11. ഏകദിന ജീവിത മാർഗ്ഗദർശന ക്യാമ്പ്**

ഭാവിയിൽ തെരഞ്ഞെടുക്കേണ്ട ജീവിതാന്തസ്സുകളെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുവാൻ ലക്ഷ്യംവെച്ച് തൃശൂർ മൈനർ സെമിനാരിയിൽ ഏകദിന ക്യാമ്പുകൾ നവംബർ 11, 18, 25 തീയതികളിൽ സംഘടിപ്പിക്കുന്നു. ഡിസംബർ രണ്ടാം തിയ്യതി ഈ വർഷം സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്നവർക്കു വേണ്ടിയുള്ള ഏകദിന ക്യാമ്പും നടത്തുന്നു. ബഹു. വികാരിയച്ചന്മാരും, സിസ്റ്റേഴ്സും, വിശ്വാസ പരിശീലകരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുന്നു. വിശദവിവരങ്ങൾ നോട്ടീസ് മുഖേന അറിയിക്കുന്നതാണ്.

**12. വൈദികനിയമനം:**

1. ഫാ. പോൾ ചാലിശ്ശേരി – അസി. ഡയറക്ടർ ജൂബിലി മിഷൻ ആശുപത്രി; സാധുത 2023 സെപ്തംബർ 22 മുതൽ.
2. ഫാ. പ്രദീപ് മാപ്രാണത്തുകാരൻ – വികാരി മഡോണ നഗർ & കപ്ലോൻ സി. എച്ച്. എഫ്. മഠം, സഹായി പറോക്; സാധുത 2023

സെപ്തംബർ 20 മുതൽ.

3. ഫാ. ഫിജോ ആലപ്പാടൻ – മീഡിയ മിനിസ്ട്രി ഇൻ ചാർജ്ജ്; വികാരി മഡോണ നഗർ & കപ്ലോൻ സി. എച്ച്. എഫ്. മഠം ഒഴിവായി; സാധുത 2023 സെപ്തംബർ 20 മുതൽ.
4. ഫാ. സേവ്യർ ക്രിസ്റ്റി – കപ്ലോൻ എം. എസ്. ജെ. മഠം കുറുമാൽ പള്ളിക്കുന്നത്ത് OFM.Cap. കൂടി; സാധുത 2023 സെപ്തംബർ 15 മുതൽ.
5. ഫാ. ജോമോൻ പൊന്തേക്കൻ – സഹായി പുറനാട്ടുകര; ; സാധുത 2023 സെപ്തംബർ 30 മുതൽ.

## അഖണ്ഡ ദിവ്യകാരുണ്യ ആരാധന
സമയക്രമം

| NOVEMBER 2023 | | | |
|---|---|---|---|
| 01 | WED | Chengode, Koottala, Palayur, Thiruthiparambu, | CHF, SJ |
| 02 | THU | Cherpu, Kottapady, Palazhi, Thiruvillwamala | CHF, JMJ |
| 03 | FRI | Cherumkuzy, Kottekad, Pallissery, Tholur | CHF, SCC |
| 04 | SAT | Cheruthuruthy, Kozhukully, Panamuck, Thoravu, | CHF, CSN, MMB |
| **05** | **SUN** | | CHF, FSSH |
| 06 | MON | Chettupuzha, Kumbalangad, Pangarappilly, Thoyakavu, | CHF, SDV |
| 07 | TUE | Chevoor, Kundannur, Parakkad, Thrikkur, | CHF, SCV |
| 08 | WED | Chirackal, Kundukkad, Parannur, Thriprayar-Thannyam, | CHF, FMDA |
| 09 | THU | Chirakkekode, Kunnamkulam, Parappur, Thrissur Dolours, | CSC, SAL |

| | | | |
|---|---|---|---|
| 10 | FRI | Chiranellur, Kuriachira, Paravattany, Thrissur Lourdes, | CSC, DSS |
| 11 | SAT | Chittattukara, Kurumal, Parempadam, Thrissur West Fort, | CSC, DM, MMB |
| **12** | **SUN** | | CSC, OP |
| 13 | MON | Chittilappilly, Kuttamkulam, Pathiyaram, Vadanappilly, | CSC, CSSA |
| 14 | TUE | Chittissery, Kuttur, Pathramangalam, Vadookkara, | CSC, SAB |
| 15 | WED | Chiyyaram Galilee, Machad, Pattikad, Vaka, | CSC, SCSA |
| 16 | THU | Chiyyaram Sevanalayam, Madakkathara, Pavaratty, Valakkavu, | CSC, SH |
| 17 | FRI | Chiyyaram Vijayamatha, Valappad, Madona Nagar, Pazhayangadi, | CSC, TS |
| 18 | SAT | Choolissery, Manakody, Pazhayannur, Vallachira, | CSC,FMA,MMB |
| **19** | **SUN** | | SABS, DSC |
| 20 | MON | Choondal, Manalady, Pazhuvil, Vaniampara, | SABS, FSC |
| 21 | TUE | Chottupara, Manalur, Peechi, Varadiam, | SABS, SJSW |
| 22 | WED | Chowannur, Manalur West, Perakom, Varakkara, | SABS, SSS |
| 23 | THU | Chuvannamannu, Mangad, Peramangalam, Varakkara South, | SABS, FSLG |
| 24 | FRI | Edakalathur, Manjakunnu, Perinchery, Varantharappilly-Pallikkunnu, | CSM, SHC |
| 25 | SAT | Elanad, Mannamangalam, Peringottukara, Varandarappilly East, | CSM, DPMT, MMB |
| **26** | **SUN** | | CSS, SG, MSJ |

| | | | |
|---|---|---|---|
| 27 | MON | Elavally, Mannampetta, Peruvallur, Varavoor, | CSC, LSJC, ASJM |
| 28 | TUE | Elthuruthu, Mannuthy, Ponganamkad, Veendassery, | SNDS, AC. SM |
| 29 | WED | Enammavu, Marathakara, Ponnani, Velappaya, | SKD, ,MLF, SSJW |
| 30 | THU | Engandiyur, Marathamkode, Ponnore, Vellakarithadom, | MSMI, SFN, OLF |
| **DECEMBER 2023** | | | |
| 01 | FRI | Eranellur, Mariapuram, Ponnukara, Vellanikode, | SMC, LSMS, OP |
| 02 | SAT | Eravimangalam, Marottichal, Poochinnipadam, Vellarakad, | SLMI, DDP, ASC, MMB, CSC, OP |
| **03** | **SUN** | Medical Institutions | CSS |
| 04 | MON | Educational Institutions | CSS |
| 05 | TUE | Social Institutions | CMC |
| 06 | WED | Other Institutions | CSC |
| 07 | THU | Charitable Institutions | CHF |
| 08 | FRI | Seminaries & Formation Houses | CSM |
| 09 | SAT | Associations | CSS |
| **10** | **SUN** | **അതിരൂപത തലത്തിലുള്ള ആചരണം** | |

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

## 2023 NOVEMBER Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Morning | Blessing of cemetery at Marathakkara |
| 02 | Thu | Morning | All souls' day — Lourdes Cathedral |
| 05 | Sun | Morning | Episcopal Ordination of Msgr. Mathew Nellikkunnel - Bishop of Gorakhpur |
| 07 | Tue | | Program at Ranchi Medical College |
| 08 | Wed | Evening | MMMS Home Day |
| 10 | Fri | Morning | Forane Vicars Meeting |
| | | Afternoon | Consulters' Meeting |
| 11 | Sat | Morning | Vestition & First Profession of FCC Sisters at Chazhur |
| | | Afternoon | Pastoral Council Award Day<br>Buon Natale Meeting |
| 12 | Sun | Morning | Pontifical Holy Mass - Lourdes Cathedral |
| | | Afternoon | Archdiocesan Media Award Day |
| 13-14 | | | Charismatic National Convention, Pune |
| 16 | Thu | | Inter Curia Meeting at Palakkad |
| 17 | Fri | Evening | JMMC Trust Meeting |
| 18 | Sat | Morning | Religious Jubilee at DBCLC |
| 19 | Sun | Morning | Kudumba Kootayma Youth Convention at Lourdes Cathedral<br>Conclusion of *Daivashabdam* Convention |
| 20 | Mon | Morning | Holy Mass: MI Mission Hospital Day at Engandiyur |
| 21 Parish | Tue | Morning | Blessing of new school building at St. Ann's |
| | | Afternoon | Inauguration: Kolkali of Mathruvethi at Lourdes Cathedral<br>Feast of Bharatha Preveshanam: Blessing of sea & boats at Palayur |

| | | | |
|---|---|---|---|
| 22 | Wed | Evening | Inauguration of Charismatic Retreat at Kuriachira |
| 23 | Thu | | Bangalore |
| 24 | Fri | Morning | Holy Mass at Spiritual Animation Centre Amballur |
| 25 | Sat | Morning | Blessing of new Church at Kottekad |
| | | | Meeting of Trustees and Clerks |
| 26 | Sun | Morning | Pontifical Holy Mass at Dolours Basilica |
| | | Afternoon | Blessing of renovated Chapel at Valappad |
| 27 | Mon | Morning | Holy Mass at MMMS |
| 28 | Tue | Morning | Holy Mass at St. Mary's Minor Seminary |
| 29 | Wed | Evening | Holy Mass & Inauguration of 36th Theeradesha Convention at Pavaratty |
| 30 | Thu | | Monthly Recollection & Presbyterium |

# ENGAGEMENTS

## 2023 NOVEMBER Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Morning | Class @ MMMS |
| | | Afternoon | Talents Day @JMMCH |
| 02 | Thu | Morning | Holy Mass @ Basilica |
| | | | For Priest and Religious |
| | | Afternoon | Founders' Day and Requiem Holy Mass @ STC |
| 03 | Fri | Morning | Class @ MMMS |
| | | Evening | *Thirunal Kodiettam* @ Cathedral |
| 04 | Sat | Morning | Holy Mass @ SMMS, Home Day |
| | | Afternoon | *Ekopanasamithi* Meeting |
| | | | Memorial of Bp. George Alapatt JMMCH |
| | | Evening | Public Meeting @ SMMS |
| 05 | Sun | Afternoon | Deaf and Dump gathering @ Family Apostolate |
| | | Evening | Holy Mass @ Kootala |
| 06 | Mon | Morning | 50th Death Anniversary of Bp. George Alapatt |
| | | | Holy Mass @ Karanchira |
| | | | Vestition of MSMI Congregation @ Nedupuzha |
| | | Evening | 50th Death Anniversary of Bp. George Alapatt |
| | | | Holy Mass @ Cathedral |
| | | | Eccumenical Meeting @ Abp. House |
| 07 | Tue | Morning | Gathering of Batch 2018 - 2019 |
| 08 | Wed | | Home Day Of MMMS |
| 10 | Fri | Morning | Holy Mass @ Animation Centre |
| | | | Forane Vicars' Meeting |
| | | Afternoon | Consulters' Meeting |
| | | Evening | *Thirunal Kodiettam* @ Vadookara |
| 11 | Sat | Morning | Jubilee Celebration of CSS Sisters @ Mannuthy |
| | | Afternoon | Pastoral Council Award Day |
| | | Evening | Buon Natale Meeting |
| 12 | Sun | All Day | Pastoral Visit @ Vijayamatha |
| 13 | Mon | Morning | Class @ MMMS |

| | | | |
|---|---|---|---|
| 14 | Tue | All Day | POC |
| 15 | Wed | Morning | Holy Mass @ MMMS Class @ MMMS |
| | | Evening | STC Trust Meeting |
| 16 | Thu | All Day | Intercuria Meeting @ PKD |
| 17 | Fri | Morning | Holy Mass @ SMMS |
| | | | Class @ MMMS |
| 18 | Sat | | Religious Jubilee Meet |
| | | Evening | Family Meet @ STC |
| 19 | Sun | Morning | Nightigale's Meet 2K23 @ Amala Medical College |
| | | | Kudumbakootayma Yuvajanna Convention @ Cathedral |
| | | Afternoon | St. Vincent De Paul Annual General Body @ Wadakkanchery Parish |
| | | Evening | *Daivasabdam* Convention |
| 20 | Mon | Morning | 4th Child Baptism @ Ollur |
| | | | Class @ MMMS |
| 21 | Tue | Morning | Class @ MMMS |
| | | Evening | Inauguration of *Kolkali*, Mathruvethi |
| 22-23 | | | Priests' Picnic |
| 24 | Fri | Morning | Class @ MMMS |
| | | Evening | Kooduthurakkal @ Basilica |
| 25 | Sat | Morning | Kooduthurakkal @ Marathakkara |
| | | | Kaikkarans Meeting |
| | | Evening | Kooduthurakkal @ Parappur |
| 26 | Sun | Morning | First Holy Communion @ Kottekkad |
| | | | Christ Villa, Home Day. |
| | | Evening | Concluding Message of Kripabhishekam Retreat @ Kuriachira |
| 27 | Mon | Morning | Ordination @ Kottekkad |
| | | Evening | 4th Child Baptism @ Cathedral |
| 28 | Tue | Morning | Class @ MMMS |
| 29 | Wed | Morning | Class @ MMMS |
| 30 | Thu | | Advent Recollection and Presbyterium |

# നാളാഗമം

## സെപ്തംബർ 2023

01. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ചു. പെരിങ്ങണ്ടൂർ ആശ നിലയത്തിൽ ദിവ്യബലി അർപ്പിച്ചു.

02. അഭിവന്ദ്യ മാർ താഴത്ത് പിതാവ് കോട്ടയം അതിരൂപതയുടെ അതിരൂപതാദിനാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരി മാതാ മേജർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു. Presbyteral Council പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ക്രൈസ്റ്റ് വില്ലയിൽ Youth Walk With Mother Teresa എന്ന പ്രോഗ്രാമിൽ പങ്കെടുത്തു.

03. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പറപ്പൂരിലെ നവീകരിച്ച പഴയ ദൈവാലയം ആശീർവ്വദിച്ചു. തുടർന്ന് ചിറ്റിലപ്പിള്ളി, അമല നഗർ, ആമ്പക്കാട് എന്നീ ഇടവകകൾ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് തൃശൂർ സെന്റ് തോമസ് കോളേജിലെ പാലോക്കാരൻ സ്ക്വയറിൽ വച്ച് സാന്ത്വനത്തിന്റെ അഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചാരിറ്റി ദിനാചരണത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പാത്രമംഗലം ഇടവകയിൽ ദിവ്യബലി അർപ്പിച്ചു.

04. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ജ്യോതി എൻജിനീയറിങ് കോളേജിൽ പുതിയ വിദ്യാർത്ഥികളുടെ സ്വീകരണ പരിപാടിയിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ

പിതാവ് രാവിലെ കൊട്ടേക്കാട് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു.

05. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് എങ്ങണ്ടിയൂർ എം. ഐ. ഹോസ്പിറ്റലിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

06. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സെന്റ് ക്ലെയേഴ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. സി. ആർ. ഐ. ജനറൽ ബോഡി മീറ്റിങ്ങിൽ സംബന്ധിച്ചു.

07. അതിരൂപത ആലോചന സമിതി യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുത്തൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം കുറുമാൽ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു.

08. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പരി. കന്യകയുടെ ജനനത്തിരുനാൾ ദിവസം പുതുശ്ശേരി ഇടവകയിൽ വി. കുർബാന അർപ്പിച്ചു. വൈകിട്ട് സാമ്പത്തികകാര്യാലോചന സമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആനിമേഷൻ സെന്ററിൽ ദിവ്യബലി അർപ്പിച്ചു. സെന്റ് മേരിസ് കോളേജിൽ ദിവ്യബലി അർപ്പിച്ചു.

09. അഭിവന്ദ്യപിതാക്കന്മാർ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വൈകിട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അമ്മാടം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ ഒ. എസ്. എ. സംഘടിപ്പിച്ച ഗുരുവന്ദനം പ്രോഗ്രാമിൽ പങ്കെടുത്തു.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ കോട്ടപ്പടി ഇടവകയിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് കാവീട്, പേരകം, ആർത്താറ്റ്, ചെമ്മണ്ണൂർ തുടങ്ങിയ ഇടവകകൾ സന്ദർശിച്ചു. വൈകിട്ട് പനമുക്ക് ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. അതിനുശേഷം വൈദികരുടെ വാർഷിക ധ്യാനം ആദ്യ ബാച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഇയ്യാൽ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. അമല നഗർ ഇടവകയിൽ മതബോധന വിദ്യാർത്ഥികളെ സന്ദർശിച്ചു.

ഉച്ചതിരിഞ്ഞ് വലപ്പാട് കപ്പൂച്ചിൻ അൽഫോൻസ ആശ്രമം വെഞ്ചിരിച്ചു. വൈകുന്നേരം എരുമപ്പെട്ടി ഇടവകയിൽ പുതിയതായി നിർമ്മിക്കാൻ പോകുന്ന ദേവാലയത്തിന്റെ കല്ലിടൽ ശുശ്രൂഷയിൽ പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെണ്ടോർ ഇടവകയിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.

13. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മൈനർ സെമിനാരിയിലെ വിദ്യാർത്ഥികൾക്കായി കുറുമാലിലുള്ള ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ നടത്തിയ വാർഷിക ധ്യാനത്തിൽ വി. ബലി അർപ്പിച്ചു.

14. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് വെങ്ങിണിശ്ശേരി എഫ്. സി. സി. കോൺവെന്റിൽ വച്ച് ബഹുമാനപ്പെട്ട സി. കർമലീത്ത എഫ്. സി. സി. യുടെ മൃതദേഹ സംസ്കാരത്തിൽ പങ്കെടുത്തു.

15. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ തലോർ ജെറുസലെം ധ്യാനകേന്ദ്രത്തിൽ വച്ച് വാർഷിക ധ്യാനത്തിൽ പങ്കെടുക്കുന്ന വൈദികരോടൊപ്പം വി. കുർബാന അർപ്പിച്ചു. അതിനുശേഷം തൃശൂർ വ്യാകുല മാതാവിന്റെ ബസിലിക്കയിലെ ഊട്ടുതിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമികനായി.

16. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉച്ചതിരിഞ്ഞ് ചിറ്റിശ്ശേരിയിലുള്ള ക്ലേലിയ സിസ്റ്റേഴ്സിന്റെ മഠത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

17. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ പള്ളിക്കുന്ന് ഇടവകയിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് വരന്തരപ്പിള്ളി, വേലൂപ്പാടം, വരാക്കര നോർത്ത്, വരാക്കര സൗത്ത് ഇടവകകൾ സന്ദർശിച്ചു. ഉച്ചതിരിഞ്ഞ് അതിരൂപതയിലെ വൈദികർക്കായുള്ള രണ്ടാം ബാച്ച് വാർഷിക ധ്യാനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പങ്ങാരപ്പിള്ളി ഇടവകയിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.

18. ജൂബിലി മിഷൻ ആശുപത്രിയുടെ മീറ്റിംങ്ങിൽ അഭിവന്ദ്യ മാർ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചേറൂർ ഇടവകയിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.

19. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൂത്തറക്കൽ

ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. ഫാമിലി അപ്പോസ്തലേറ്റിൽ വെച്ച് വിമൻ കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു.

20. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു.

21. രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വച്ച് വാർഷിക ധ്യാന ത്തിൽ പങ്കെടുക്കുന്ന വൈദികരോടൊപ്പം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുണ്ടന്നൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം സെന്റ് തോമസ് കോളേജ് ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

22. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് തിരൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു.

22–25. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സി.ബി.സി.ഐ. സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

23. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ എറവ് ഇടവക യിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം മണലൂർ കിഴക്കേ പള്ളിയിൽ യൂത്ത് മീറ്റിൽ പങ്കെടുത്തു.

24. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെളുത്തൂർ ഇടവകയിൽ ഇടവക പ്രഖ്യാപനത്തിന്റെ പത്താം വാർഷിക ആഘോ ഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നതോടൊപ്പം പുതിയതായി നിർമ്മിച്ച ബേമ വെഞ്ചിരിച്ചു. മനക്കൊടി ഇടവകയിൽ ഇടവക പ്രഖ്യാപനത്തിന്റെ പത്താം വാർഷിക ദിവ്യബലി അർപ്പിച്ചു.

25. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വലപ്പാട് ഇടവകയിൽ ദിവ്യബലി അർപ്പിച്ചു.

26. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ ചൂണ്ടൽ മരീന ഹോമിൽ ബഹു. സി. വെറോനിക്ക സാൻജോയുടെ മൃതദേഹ സംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് മേരിമാതാ മേജർ സെമിനാരി എക്സിക്യൂട്ടീവ് കൗൺസിലിൽ പങ്കെടുത്തു.

27. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ മേരിമാതാ സെമിനാ രിയിൽ വാർഷിക ധ്യാനത്തിൽ പങ്കെടുക്കുന്ന വൈദികരോടൊപ്പം


വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് കുടുംബ കൂട്ടായ്മയുടെ നേതൃത്വ ത്തിൽ നടക്കുന്ന യുവജന വർഷ ആചരണത്തിന്റെ ലോഗോ പ്രകാ ശനം ചെയ്തു. അതിനുശേഷം ബൊൻ നത്താലെയുടെ യോഗത്തിൽ അധ്യക്ഷതവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അരണാട്ടുകരയിൽ ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ ഇൻഫന്റ് ജീസസ് കോൺവെന്റ് ചാപ്പൽ വെഞ്ചിരിച്ച് ദിവ്യബലി അർപ്പിച്ചു.

28. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് തൈക്കാട്ടുശ്ശേരി ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും, ചാരിറ്റി സിസ്റ്റേഴ്സിന്റെ സഹകരണ ത്തോടെ പണിതു കൊടുക്കുന്ന മൂന്ന് കാരുണ്യ ഭവനങ്ങളുടെ അടി സ്ഥാനശിലകളുടെ വെഞ്ചിരിപ്പ് നിർവ്വഹിക്കുകയും, പണിതീർന്ന കാരുണ്യഭവനം ആശീർവ്വദിക്കുകയും ചെയ്തു.

29. റോമിൽവച്ച് നടക്കുന്ന സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡിൽ സംബന്ധിക്കാനായി അഭിവന്ദ്യ മാർ താഴത്ത് പിതാവ് റോമിലേയ്ക്ക് പോയി.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

തൃശ്ശൂർ അതിരൂപതയുടെ അഭിമാനമായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 67–ാം ചരമവാർഷികം ഭക്തിനിർഭരമായ പരിപാടികളോടെ ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ വെച്ച് ഒക്ടോബർ 1 മുതൽ 13 വരെ ആചരിക്കുകയുണ്ടായി. 1–ാം തീയതി മുതൽ 11 –ാം തീയതി വരെ നവനാൾ കുർബാനകൾ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനുമായി ബന്ധപ്പെട്ട ദൈവാലയങ്ങളിൽ നിന്നുള്ള ബഹു. വൈദികർ അർപ്പിച്ചു. 13 മണിക്കൂർ ആരാധന, അഖിലകേരള ചിത്രരചനാമത്സരം, അഖണ്ഡജപമാലദിനം, അഖണ്ഡബൈബിൾ പാരായണദിനം, ഉപവാസപ്രാർത്ഥനാദിനം, യുവജനദിനം, വയോജനദിനം, കുന്നംകുളം മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെത്രാപ്പോലീത്ത ഡോ. ഗീവർഗിസ് മാർ യൂലിയോസ് നിർവ്വഹിച്ച 67 നിർദ്ദനരായ ഡയാലിസ് രോഗികൾക്കുള്ള ധനസഹായവിതരണം, ജറുസലേം ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡേവിസ് പട്ടത്ത് സി.എം.



ഐ. നയിച്ച ഒരുക്കധ്യാനം, കുന്നംകുളം ഗുഡ്ഷെപ്പേർഡ് ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. രഞ്ജിത്ത് അത്താണിക്കൽ സി.എം.ഐ. നയിച്ച എക്യുമെനിക്കൽ പ്രാർത്ഥനാ കൂട്ടായ്മദിനം, തൃശ്ശൂർ അതിരൂപതാ മൈനർ സെമിനാരി വിദ്യാർത്ഥികളും, പരിശീലകരും പങ്കെടുത്ത സമർപ്പിത ദിനാചരണം, പറപ്പൂർ ഇടവകയിലെ സീനിയർ സി.എൽ.സി. സംഘടിപ്പിച്ച പ്രത്യേക പദയാത്ര, മരിയൻ ചിത്രപ്രദർശനം എന്നിവയെല്ലാം ശ്രാദ്ധദിനൊരുക്കത്തിനുമായി സംഘടിപ്പിക്കുകയുണ്ടായി. 12 –ാം തീയതി ബഹു. ബെന്നി കിടങ്ങനച്ചനും സഹകാർമ്മികരും അർപ്പിച്ച ഭക്തിസാന്ദ്രമായ റാസകുർബാന ചരമവാർഷികദിനത്തിലേക്ക് ദൈവജനത്തെ പ്രത്യേകമായി നയിച്ചു.


ശ്രാദ്ധദിനമായ ഒക്ടോബർ 13–ാം തീയതി എരുമപ്പെട്ടി ഫൊറോന, ഗുഡ്ഷെപ്പേർഡ് മേഖല, പാറേംപാടം മേഖല പദയാത്രകൾ രാവിലെ 10.15 ന് ചൊവ്വന്നൂർ പള്ളിയങ്കണത്തിൽ എത്തിച്ചേർന്നു. അഭിവന്ദ്യ പിതാവും വൈദികരും വിശ്വാസിസമൂഹവും പദയാത്രയിൽ പങ്കെടുത്തവരെ സ്വീകരിച്ചു. തുടർന്ന് മെൽബൺ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ ബോസ്കോ പുത്തൂരിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വി. ബലിയർപ്പണത്തിൽ എരുമപ്പെട്ടി, ചേലക്കര, പുത്തൂർ എന്നീ ഫൊറോന വികാരിമാരും, ചൊവ്വന്നൂർ മുൻവികാരിമാരും, ഊക്കൻ തറവാട്ടിലെ വൈദികരും, എരുമപ്പെട്ടി ഫൊറോനയുടെ കീഴിലുള്ള വിവിധ ഇടവക വികാരിമാരും കുന്നംകുളം സെന്റ് ജോർജ് മോണസ്ട്രിയുടെ പ്രിയോരും സഹകാർമ്മികരുമായി.

കർത്താവിനെപോലെ നല്ല ഇടയനായിരുന്ന ധന്യനായ ഊക്കനച്ചനെ അനുകരിക്കേണ്ടതിന്റെ ആവശ്യകത അഭിവന്ദ്യ പിതാവ് തന്റെ സന്ദേശത്തിൽ എടുത്തുപറയുകയുണ്ടായി. അതോടൊപ്പം നന്ദിയുടെതായ ആരാധനയായിരിക്കണം നമ്മുടെ ജീവിതമെന്നും ഉദ്ബോധിപ്പിച്ചു. ആഘോഷമായ അനുസ്മരണ ബലിക്കുശേഷം കബറിടത്തിൽ പുഷ്പാർച്ചനയും, സമ്മാനവിതരണവും നേർച്ച ഊട്ടും ഉണ്ടായിരുന്നു. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ധാരാളം വിശ്വാസികൾ ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടിയെത്തിയത് ഏവരേയും അത്ഭുതപ്പെടുത്തുകയുണ്ടായി. തിരുക്കർമ്മങ്ങൾക്കെത്തിയവർക്കെല്ലാം ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ സ്വാഗതവും, ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബ. സി. റിൻസി സി.എസ്.സി. നന്ദിയും പറഞ്ഞു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

കത്തോലിക്കാസഭയുടെ വിജയത്തെക്കുറിച്ച് ദൈവദാസൻ എഴുതുന്നത് നമുക്കു കേൾക്കാം.

ഇത്ര നാൾ മാറ്റമില്ലാതെ മറ്റൊരു പ്രസ്ഥാനവും നില നിന്നിട്ടില്ല. മറ്റു പല പ്രസ്ഥാനങ്ങളും – ഉദാ. ബുദ്ധമതവും ഹിന്ദുമതവും – ദീർഘകാലം നിലനിന്നിട്ടുണ്ടെങ്കിലും ഏറെ മാറിയിട്ടുണ്ട്.



ദൈവങ്ങളായി ആരാധിക്കപ്പെട്ടിരുന്ന രാജാക്കന്മാരെയും, ചക്രവർത്തിമാരെയും ആദിമസഭയ്ക്ക് നേരിടേണ്ടിയിരുന്നു. ഈ രാജാക്കന്മാർക്ക് അൾത്താരകളും, ബലികളും ഉണ്ടായിരുന്നു. ഓരോ വർഷവും സീസർ ദൈവത്തിനായി കുലീനവംശജരായ 300 പേരെ ബലിയർപ്പിച്ചിരുന്നു. റോമാക്കാർ, യഹൂദരെയും, അവരുടെ ദൈവത്തെയും പുച്ഛത്തോടെയാണ് കണ്ടിരുന്നത്. യഹൂദരിൽ ഏറ്റം താഴെയായിരുന്ന മുക്കുവർ റോമാക്കാരുടെ മുന്നിൽ വന്ന് നേരെ നോക്കി ധൈര്യപൂർവ്വം റോമാക്കാരുടെ വിശ്വാസവും, മതവും വ്യാജമാണെന്നും അവർ ക്രൂശിച്ച ക്രിസ്തു

വാണ് സത്യദൈവമെന്നും പഠിപ്പിച്ചു. അതിനാൽ മതമർദ്ദനങ്ങൾ ഉണ്ടായി.

യേശുവിനെ പ്രതിബന്ധമായി നിന്നവരെ അച്ചൻ ഓർക്കുന്നു. ഒറ്റിക്കൊടുത്ത യൂദാസ് തൂങ്ങിമരിച്ചു. പീലാത്തോസിന് ഏറ്റവും ദൗർഭാഗ്യകരമായ മരണമാണുണ്ടായത്. ക്രിസ്തുവിനെ ഇല്ലാതാക്കമെന്നു വിചാരിച്ച് അവിടുത്തെ അവർ ക്രൂശിൽ തറച്ചു. ഈ ലോകത്തിൽ നിന്ന് കരേറിയപ്പോൾ അവിടുന്ന് അവസാനിക്കുകയല്ല, ഏവരേയും തന്നിലേക്ക് ആകർഷിക്കുകയാണ് ചെയ്തത്.

മുക്കുവരെ തന്റെ പിൻഗാമികളായി അവിടുന്ന് വിളിച്ചത് ഈ പ്രസ്ഥാനം മാനുഷികമല്ല ദൈവികമാണ് എന്ന് കാണിക്കാനാണ്. 19–ാം നൂറ്റാണ്ടിൽ ജർമ്മൻ മന്ത്രിയായ ബിസ്മാർക്ക് താൻ കത്തോലിക്കാസഭയെ നിലം പരിശാക്കുമെന്നു പറഞ്ഞു. ഒരു വലിയ പള്ളിയെ കെട്ടി കയറുകൊണ്ട് ബിസ്മാർക്ക് വലിക്കുന്ന ചിത്രം ഒരു ഫ്രഞ്ച് കലാകാരൻ വരച്ചിട്ടുണ്ട്. അയാളുടെ പിന്നിൽ നിന്ന് സാത്താൻ മന്ത്രിക്കുന്നു. സഹോദരാ, മുന്നോട്ടു പോകൂ. കഴിഞ്ഞ 19 നൂറ്റാണ്ടുകളായി ഞാൻ ഇതിനു ശ്രമിച്ചെങ്കിലും വിജയിച്ചില്ല. നീ വിജയിച്ചാൽ ഞാൻ നിന്നെ പിശാചുക്കളുടെയും നരകത്തിന്റെയും രാജാവാക്കാം. ബിസ്മാർക്ക് എവിടെ? ആരാണ് വീണത് എന്ന് അച്ചൻ ചോദിക്കുന്നു.

20 വർഷത്തിനുള്ളിൽ സഭയെ താൻ നശിപ്പിക്കുമെന്നു പറഞ്ഞ ഫ്രഞ്ചുചിന്തകനായ വോൾട്ടയർ മരണാസന്നനായപ്പോൾ നിരാശനായി ഒരു വൈദികനെ കിട്ടുവാൻ ആഗ്രഹിച്ചു. നീ ഞങ്ങളെ ഈ തെറ്റിലേക്ക് നയിച്ചിട്ട് ഇപ്പോൾ നിനക്ക് ഒരു വൈദികനെ വേണമെന്നോ എന്നു ചോദിച്ച് അദ്ദേഹത്തിന്റെ അനുയായികൾ വോൾട്ടയറെ മുറിയിലിട്ട് പൂട്ടിയതും ദയനീയമായി അയാൾ ആ മുറിയിൽത്തന്നെ മരിച്ചുവീണതും അച്ചൻ ഓർമ്മിപ്പിക്കുന്നു.

ക്രിസ്തു സഭയോടു കൂടിയുണ്ടാകും; സഹായകൻ ലോകാന്ത്യം വരെ അവളോടൊത്തു വസിക്കും എന്ന സത്യം ഉറക്കെ പ്രഖ്യാപിച്ച് അച്ചൻ ഈ വിചിന്തനം ഉപസംഹരിക്കുന്നു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. അനീഷ് കൂത്തൂർ വെള്ളാട്ടുകര | 02 |
| ഫാ. മനോജ് താണിക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. ജാക്സൻ ചാലക്കൽ | 04 |
| ഫാ. ചെറിയാൻ പാറക്കൽ | 04 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 05 |
| ഫാ. സിബിൻ ഊക്കൻ | 05 |
| ഫാ. ജോർജ്ജ് കോമ്പാറ | 08 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 11 |
| ഫാ. സോണി കിഴക്കൂടൻ | 12 |
| ഫാ. ജോസ് തത്രത്തിൽ | 12 |
| ഫാ. സനൽ മാളിയേക്കൽ | 14 |
| ഫാ. റോയ് വേളക്കൊമ്പിൽ | 14 |
| ഫാ. റോജോ എലുവത്തിങ്കൽ | 15 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 18 |
| ഫാ. ലിജോ ചാലിശ്ശേരി | 18 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ഗ്രിജോ മുരിങ്ങാത്തേരി | 20 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 20 |
| ഫാ. ഡെറിൻ അരിമ്പൂർ | 23 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 23 |
| ഫാ. ജോർജ്ജ് തേർമഠം | 23 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 25 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 25 |
| ഫാ. ജോസ് ഐനിക്കൽ | 28 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 03 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 23 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 30 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോർജ്ജ് പുളിക്കൻ | 14.11.1854 |
| ഫാ. വറീത് കടവി | 04.11.1890 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09.11.1893 |
| ഫാ. ആന്റണി മഞ്ഞളി | 09.11.1895 |
| ഫാ. തോമസ് തെക്കേക്കര | 17.11.1895 |
| ഫാ. പോൾ ആലപ്പാട്ട് | 14.11.1920 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07.11.1933 |
| ഫാ. ജോൺ ഊക്കൻ | 20.11.1944 |
| ഫാ. ജോസഫ് ചിറയത്ത് | 12.11.1946 |
| ഫാ. ജോസ് മേനാച്ചേരി | 15.11.1954 |
| ഫാ. ജോസ് ഇരിമ്പൻ | 09.11.1957 |
| ഫാ. ജോൺ കിഴക്കൂടൻ | 15.11.1960 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20.11.1967 |
| ഫാ. പോൾ അമ്പൂക്കൻ | 11.11.1969 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17.11.1971 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16.11.1980 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10.11.1987 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23.11.2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 20.11.2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04.11.2014 |
| ഫാ. പീറ്റർ പാലയൂർ | 21.11.2015 |
| ഫാ. ജോൺ കൊള്ളന്നൂർ | 19.11.2017 |
| ഫാ. അഗസ്റ്റിൻ മംഗലം | 07.11.2021 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 26.11.2022 |



# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
### സെപ്തംബർ

**സി.ആർ.ഐ പൊതുസമ്മേളന റിപ്പോർട്ട്**

2023 സെപ്റ്റംബർ 6 ബുധനാഴ്ച ഫാമിലി അപ്പസ്തൊലേറ്റിൽ വെച്ച് സി.ആർ.ഐ പൊതുസമ്മേളനം കൂടി. സെന്റ് എലിസബത്ത് സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. പ്രസിഡണ്ട് സി. സോഫി പെരേപ്പാടൻ ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി സി. ലെത്തീസിയ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ Interaction ആയിരുന്നു. പരസ്പരമുള്ള സംഭാഷണങ്ങളും, ക്രൈസ്തവസഭ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ചില പ്രതികൂല സാഹചര്യങ്ങളെക്കുറിച്ചും പിതാവ് വ്യക്തമായും കൃത്യമായും രേഖപ്പെടുത്തുകയും പ്രതിപാദിക്കുകയും ചർച്ച ചെയ്യുകയും ഉണ്ടായി. ശേഷം ഫാ. ദേവ് അക്കര OFM Cap 'സന്യസ്തരിലെ നിയമ അവബോധം ഇന്നിന്റെ ആവശ്യകത' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുത്തു. നമ്മുടെ സന്യാസ സമൂഹത്തിന് സഭ കൽപിക്കുന്ന ഓരോ കൊച്ചു നിയമങ്ങളും അതിന്റെ നിയമവശങ്ങളും നാം അനുസരിച്ചു കഴിഞ്ഞാൽ അത് വിശുദ്ധിക്ക് ഏറ്റവും നല്ല ഉപാധിയാണെന്ന് വിശുദ്ധരുടെ ജീവിതത്തിലൂടെ എടുത്തു പറഞ്ഞ് അച്ചൻ വിശദമാക്കി. തുടർന്ന് എക്സിക്യൂട്ടീവ് മെമ്പർ സി. ശോഭ എസ്.കെ.ഡി ഏവർക്കും നന്ദി പറഞ്ഞു. ഏകദേശം

230 ഓളം പേർ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി.

**എസ്.എ.ബി.എസ്.**

ചേറ്റുപുഴ കർമ്മല മാതാ ഇടവകയിൽ സെപ്തംബർ 1,2,3 തിയതികളിൽ ദിവ്യകാരുണ്യസായാഹ്നം നടത്തി. സെപ്തംബർ 3 ന് പ്രൊവിൻഷ്യൽ ഹൗസിൽ PPT സമ്മേളിച്ചു. സെപ്തംബർ 10 ന് മിഷൻ ഇവാൻഞ്ചലൈസേഷന്റെ PSAF പ്രൊവിൻഷ്യൽ ഹൗസിൽ സമ്മേളിച്ചു. പ്രോവിൻസിന്റെ രജത ജൂബിലിയ്ക്ക് ഒരുക്കമായി പടവരാട് ഭവന സമൂഹത്തിൽ സെപ്തംബർ 18 ന് 40 മണിക്കൂർ ആരാധന നടത്തി. പരിശീലനം പൂർത്തിയാക്കിയ 6 പ്രീ ആസ്പിരൻസ്, ആസ്പിരൻസി കാലഘട്ടിലേക്ക് പ്രവേശിക്കുന്നതിനൊരുക്കമായി ധ്യാനത്തിൽ പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സെപ്തംബർ 8 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ സാഗർ രൂപതയിലുള്ള കജൂരിയായിലെ ഭവനസമൂഹത്തിലും അദിലാബാദ് രൂപതയിലെ റബന്നയിലെ മേരിറാണി ഭവനസമൂഹത്തിലും ഔദ്യോഗികസന്ദർശനം നടത്തി. ജനറൽ കൗൺസിലറിന്റെ നേതൃത്വത്തിൽ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് Social Apostolate - ന്റെ GSAF നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ സോഫി പെരേപ്പാടന്റെ നാമഹേതുക തിരുനാൾ സെപ്തംബർ 30 ന് ആഘോഷിച്ചു.

**സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ്**

തൃശ്ശൂർ അതിരൂപത മുൻ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി പ്രോഗ്രമായ സാന്ത്വന സ്പർശത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ പങ്കെടുത്തു. തദവസരത്തിൽ ജോലിയില്ലാതെ വിഷമിക്കുന്ന ഒരു യുവാവിന് ഓട്ടോറിക്ഷ വാങ്ങുന്നതിനായി 3 ലക്ഷം രൂപ പ്രോവിൻസ് നൽകി. 3 ആസ്പിരൻസ് പോസ്റ്റുലൻസിയിലേക്ക് പ്രവേശിച്ചു. നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ പ്രോവിൻസിലെ സുപ്പീരിയേഴ്സിന് കോൺഫറൻസ് നടത്തി. ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ സുപ്പീരിയർ ജനറൽ മദർ ബഹുമാനപ്പെട്ട ആനി കുര്യാക്കോസ് സെപ്റ്റംബർ 11,12,13,14 തിയതികളിൽ നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ കാനോനിക സന്ദർശനം നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സെപ്റ്റംബർ 16 ന് വസായി വെസ്റ്റ് ഭവനത്തിലും സെപ്റ്റംബർ 18,19,20 തിയ്യതികളിൽ വസായി ഈസ്റ്റ് ഭവനത്തിലും കാനോനിക സന്ദർശനം നടത്തി.

അരണാട്ടുകര ഇൻഫന്റ് ജീസസ്സ് കോൺവെന്റിൽ പുതുക്കി പണിത ചാപ്പലിന്റെ വെഞ്ചിരിപ്പും കൂദാശകർമ്മവും തൃശ്ശൂർ അതിരൂ

പത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെപ്റ്റംബർ 27 ന് നിർവഹിച്ചു. ഭോപ്പാലിലെ 'നവജ്യോതി ഗുരുകുല' ത്തിൽ പോസ്റ്റുലൻസി പരിശീലനം പൂർത്തിയാക്കിയ മൂന്ന് സന്യാസാർത്ഥികൾ നോവിഷ്യറ്റിൽ പ്രവേശിച്ചു.

**സി.എസ്.സി.**

സെപ്റ്റബർ 06ന് മരിയ ഭവൻ ജനറലേറ്റിന്റെ നേതൃത്വത്തിൽ ഫോർമേറ്റേസ് മീറ്റിംങ്ങ് നടത്തി. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കൻ അനുസ്മരണാർത്ഥം യുവജനങ്ങൾക്കായി ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണ്ണമെന്റ് സെപ്റ്റബർ 24ന് പാവറട്ടിയിൽ നടത്തി. ഒക്ടോബർ 02ന് മാതൃഭവനമായ പ്രസന്റേഷൻ കോൺവെന്റിനോട് ചേർന്ന് ജോൺ നിവാസിൽ വച്ച് 13 മണിക്കൂർ ആരാധന നടത്തി. സെപ്തംബർ 24ന് മരിയ പ്രൊവിൻഷ്യൽ സുപ്പീരിയറിന്റെ നേതൃത്വത്തിൽ പ്ലീനറി മീറ്റിങ്ങ് നടത്തി. 30ന് മരിയ പ്രവിശ്യയിലെ സഹോദരിമാർ ശുശ്രൂഷ ചെയ്യുന്ന സ്ഥാപനങ്ങളിലെ ബ.വൈദീകരുടെ പൗരോഹിത്യ രജത ജൂബിലി ആഘോഷം പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.

**സി. എസ്. എസ്.**

സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന വാർഷിക ധ്യാനത്തിൽ 68 സിസ്റ്റേഴ്സ് പങ്കെടുത്തു. മണ്ണുത്തിയിലെ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് അർത്ഥിനികൾക്കായി വിവിധ കലാ കായിക മത്സരങ്ങൾ നടത്തി. മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് സ്നേഹോദയ പ്രൊവിൻസിന്റെ പ്രൊവിൻസ്ഡെക്ക് ഒരുക്കമായി 6,7 തിയ്യതികളിൽ 40 മണിക്കൂർ ആരാധന നടത്തി. പ്രൊവിൻസ് ഡെയോടനുബന്ധിച്ച് 'പരിശുദ്ധ അമ്മ ഉഷ കാലനക്ഷത്രം' എന്ന ആശയത്തെ മുൻനിർത്തി നടത്തിയ അലങ്കാര മത്സരത്തിൽ 25–ഓളം സമൂഹങ്ങൾ പങ്കുകൊണ്ടു.

**സി. എം. സി.**

ആലുവ ജനറലേറ്റിൽവെച്ച് വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റ് നടന്നു. 1 മുതൽ 7 വരെയും 14 മുതൽ 20 വരെയുംകോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് CRT Sisters ന്റെ നേതൃത്വത്തിൽ 'നീയും പോയി ഇതുപോലെ ചെയ്യുക'– Samaritan Retreat നടത്തി. ശാന്തിധാം തൃശൂർ, ചെറുപുഷ്പാലയം വെള്ളാറ്റഞ്ഞൂർ എന്നീ ഭവനങ്ങളിലും ജർമനി, റോം എന്നിവിടങ്ങളിലെ വിദേശഭവനങ്ങളിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ കാനോനികസന്ദർശനം നടത്തി.

സി. സുമി ജെ. മരീയ ആഫ്രിക്കയിലെ മഡഗാസ്കറിൽ പുതുതായി ആരംഭിക്കുന്ന മിഷൻഹൗസിലേക്ക് പോയി. നടത്തറ ഹോളിറെഡീമേഴ്സ് കോൺവെന്റിന്റെ നവതി ലളിതമായി ആഘോഷിച്ചു. 22 ന് Thrissur St.Mary's College Auditoriumൽ വെച്ച് Gems അംഗങ്ങളും Spiritual Mentors ഉം ഒരുമിച്ചുള്ള ഏകദിനക്യാമ്പ് നടത്തി. 27 ന് St Vincent De Paul Hospital Day സമുചിതമായി ആഘോഷിച്ചു. Social department ന്റെ നേതൃത്വത്തിൽ മഠങ്ങൾക്ക് 'പച്ചപ്പ്' കാർഷിക മത്സരം നടത്തി. Postulants തങ്ങളുടെ റീജൻസി കാലഘട്ടത്തിനുശേഷം പറപ്പൂർ ഫോർമേഷൻ ഹൗസിൽ തിരിച്ചെത്തി.

**എഫ്.സി.സി.**

തിരൂർ സിയോൺ റിന്യുവൽ സെന്ററിൽ വച്ച് വചനാമൃതം ടീമിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 2-ാം തീയതി വരെ സ്കൂൾ വിദ്യാർത്ഥികൾക്കായി ധ്യാനം നടത്തി. 1,2 തീയതികളിലായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 35 നും 45 നും ഇടയിൽ പ്രായമുള്ള സിസ്റ്റേഴ്സിനായി റവ ഫാ. ദേവ് അക്കര OFM Capന്റെ നേതൃത്വത്തിൽ Psycho Spiritual Awareness Programme നടത്തി. തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ രജത ജൂബിലിയാഘോഷം വിവിധപരിപാടികളോടെ നടത്തി. സന്യാസഭവനങ്ങളോടനുബന്ധിച്ച് ആരംഭിച്ച വിധവകളുടേയും ഏകസ്ഥരുടേയും കൂട്ടായ്മയിലെ ലീഡേഴ്സിനുവേണ്ടിയുള്ള ഏകദിന സെമിനാർ തിരൂർ സിയോൻ റിന്യുവൽ സെന്ററിൽ നടത്തി. 13ന് പോസ്റ്റുലന്റ്സ് വിവിധ ഭവനങ്ങളിലേക്ക് റീജിയൻസിക്കായി പോയി. സൈക്കിൾ ഫെസ്റ്റിന്റെ ഭാഗമായി തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ വച്ച് രാവിലെ 10 മണിക്ക് 83 സൈക്കിൾ കുട്ടികൾക്കായി വിതരണം ചെയ്തു. കുട്ടംകുളം ആബ്ബാ കോൺവെന്റിൽ 7 അർത്ഥിനികളും കെനിയ മിഷനിലെ 3 അർത്ഥിനികളും 17-ാം തീയതി പ്രീ പോസ്റ്റുലൻസി Phase I ലേക്ക് ഔദ്യോഗികമായി പ്രവേശിച്ചു. ന്റെ നേതൃത്വത്തിൽ Psycho Spiritual Awareness Programme നടത്തി. തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ രജത ജൂബിലിയാഘോഷം വിവിധപരിപാടികളോടെ നടത്തി. സന്യാസഭവനങ്ങളോടനുബന്ധിച്ച് ആരംഭിച്ച വിധവകളുടേയും ഏകസ്ഥരുടേയും കൂട്ടായ്മയിലെ ലീഡേഴ്സിനുവേണ്ടിയുള്ള ഏകദിന സെമിനാർ തിരൂർ സിയോൻ റിന്യുവൽ സെന്ററിൽ നടത്തി. 13ന് പോസ്റ്റുലന്റ്സ് വിവിധ ഭവനങ്ങളിലേക്ക് റീജിയൻസിക്കായി പോയി. സൈക്കിൾ ഫെസ്റ്റിന്റെ ഭാഗമായി തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ

ഗ്രൗണ്ടിൽ വച്ച് രാവിലെ 10 മണിക്ക് 83 സൈക്കിൾ കുട്ടികൾക്കായി വിതരണം ചെയ്തു. കുട്ടംകുളം ആബ്ബാ കോൺവെന്റിൽ 7 അർത്ഥിനി കളും കെനിയ മിഷനിലെ 3 അർത്ഥിനികളും 17–ാം തീയതി പ്രീ പോസ്റ്റു ലൻസി Phase I ലേക്ക് ഔദ്യോഗികമായി പ്രവേശിച്ചു.

## ആദരാഞ്ജലികൾ



25/10/23 സി.എം.സി. ചൂണ്ടൽ മരീനാഹോം ഭവനാംഗമായ സി. വെറോനിക്ക സാൻജോ ഈ ലോകത്തോട് യാത്ര പറഞ്ഞു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലിത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം സംസ്കരിച്ചു



വെങ്ങിണിശ്ശേരി അൽവേർണിയ ഭവനാംഗമായ സി. കാർമ്മലിറ്റ സെപ്റ്റംബർ 14ന് നിര്യാതയായി. 15ന് തൃശൂർ അതിരൂപത മെത്രപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം പൂജ്യമായി സംസ്കരിച്ചു.

**സി. സോഫി പെരേപ്പാടൻ എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**1. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗം –25/11/2023**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടെയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം 2023 നവംബർ 25, ശനിയാഴ്ച രാവിലെ 9.00 ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, GST എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

**2. കുർബാന പണം**

കുർബാന പണം Cash ആയി ഇനി സാമ്പത്തിക കാര്യലയത്തിൽ സ്വീകരിക്കുന്നതല്ലയെന്ന കാര്യം ഒരിക്കൽ കൂടി അറിയിക്കുന്നു. കുർബാന പണം പള്ളി അക്കൗണ്ടിൽ വരവ് വച്ച് ചെക്ക് മുഖേന തന്നെ സാമ്പത്തിക കാര്യാലയത്തിൽ അടയ്ക്കണം.ഓഡിറ്റേഴ്സിന്റെ നിർദ്ദേശ പ്രകാരം കുർബാന പണത്തിന്റെ അക്കൗണ്ടിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇനി മുതൽ കുർബാന പണം അടക്കുമ്പോൾ താഴെക്കൊടുത്തിരിക്കുന്ന

അക്കൗണ്ടിലെക്ക് അടക്കുവാൻ താൽപര്യപ്പെടുന്നു.

A/C Number : 0834053000001997
A/C Name : Catholic Archbishops House Holy Mass
IFSC Code : SIBL0000834
SWIFT Code : SOININ55XXX

നേരിട്ട് സംഖ്യ ബാങ്കിലേക്ക് അയക്കുന്നവർ Mobile വഴിയോ (8289898168) ഈ-മെയിൽ വഴിയോ (procuratortcr@gmail.com) വിവരം അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.

**3. തെരട്ട് സമർപ്പിക്കൽ**

ഇടവകകളുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിരിക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു. സ്ഥാപനങ്ങളും, സംഘടനകളും തെരട്ട് സമർപ്പിച്ചുകൊണ്ടിരിക്കുന്നു.

**4. സമ്മാനദാനം**

2022-2023 വർഷത്തെ പൊതുകവർ പിരിവിൽ സമ്മാനാർഹമായ ഇടവകകൾക്ക്/സ്ഥാപനങ്ങൾക്ക് അഭിനന്ദനങ്ങൾ. വീടുകളുടെ അടിസ്ഥാനത്തിലും ഏറ്റവും കൂടുതൽ സംഖ്യ പിരിച്ചെടുത്ത ഇടവകകളുടെയും/സ്ഥാപനങ്ങളുടെയും അടിസ്ഥാനത്തിലുമാണ് ട്രോഫികൾ നേടിയിട്ടുള്ളത്. ത്യാഗപൂർവ്വം സംഭാവന നൽകുന്നതിൽ ഉദാരമനസ്കരായ ഏവരേയും നന്ദിപൂർവ്വം സ്മരി ക്കുന്നു. ഇതിനു നേതൃത്വം നൽകിയ ബ.വൈദികർക്കും കൈക്കാരന്മാർക്കും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. സമ്മാനാർഹരായ ഇടവകകൾക്ക്/സ്ഥാപനങ്ങൾക്ക് ട്രോഫികൾ 2023 നവംബർ 25 ശനിയാഴ്ച ഉച്ചക്ക് 12.00 ന് ഡി.ബി.സി.എൽ.സി ഓഡിറ്റോറിയത്തിൽ വെച്ച് നൽകുന്നതാണ്.

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സംഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| മിഷൻ | I | ഇയ്യാൽ | 124 | 55,145 | 444.71 |
| ഞായർ | II | ബസിലിക്ക | 529 | 2,35,157 | 444.53 |
| 2022 | III | കുരിയച്ചിറ | 1643 | 7,07,250 | 430 |

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2022 | I<br>II<br>III | പാവറട്ടി<br>കുരിയച്ചിറ<br>ഒല്ലൂർ | 8,13,812<br>7,07,250<br>6,38,039 |

| ഇനം | സ്ഥാനം | സ്ഥാപനം | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2022 | I | സെന്റ് മേരീസ് മൈനർ സെമിനാരി, മഡോണനഗർ | 1,38,427 |
| | II | മേരിമാതാ മേജർ സെമിനാരി, മുളയം | 1,09,036 |
| | III | സെന്റ്.ജോഫ്സ് ഹോസ്പിറ്റൽ, ചൂണ്ടൽ | 60,000 |

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സംഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| ദുഃഖ വെള്ളി 2022 | I | ബസിലിക്ക | 529 | 63,100 | 119.8 |
| | II | ആമ്പക്കാട് | 469 | 39,929 | 85.13 |
| | III | കണ്ണംകുളങ്ങര | 172 | 13,297 | 77.30 |

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളെ ,

ഒക്ടോബർ മാസം ആഘോഷമായി ജപമാല ചൊല്ലി പ്രാർത്ഥിച്ച നിങ്ങളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. പരിശുദ്ധ അമ്മയുടെ സംരക്ഷണം നിങ്ങളോടുകൂടെ സമൃദ്ധമായി ഉണ്ടായിരിക്കട്ടെ. നവംബർ മാസം ഒന്നാം തീയതി നാം സകല വിശുദ്ധരെയും അനുസ്മരിക്കുന്ന ദിനമാണ്. ഈ ലോകത്തിൽ വിശുദ്ധമായ ജീവിതം നയിച്ച് കടന്നുപോവുകയും, എന്നാൽ തിരുസഭ ഔദ്യോഗികമായി വിശുദ്ധരായി നാമകരണം ചെയ്തിട്ടില്ലാത്തതുമായ എല്ലാ പുണ്യാത്മാക്കളെയും ഈ ദിവസം നാം പ്രത്യേകം അനുസ്മരിക്കുന്നു. ദൈവം തീർച്ചയായും അവരുടെ വിശ്വസ്തതയ്ക്ക് തക്ക പ്രതിഫലം നൽകുകയും, അവരെ വിശുദ്ധരുടെ ഗണത്തിലേയ്ക്ക് പ്രവേശിപ്പിക്കുകയും ചെയ്യട്ടെ. അവരുടെ നല്ല ജീവിതമാതൃകയെ പ്രതി നമുക്ക് ദൈവത്തിന് നന്ദി പറയാം. അതുപോലെ, നമ്മുടെ ജീവിതംവഴിയും നന്മയുടെ പരിമളം പരത്താൻ നമുക്ക് പരിശ്രമിക്കാം.

നവംബർ രണ്ടാം തീയതി സകല മരിച്ചവിശ്വാസികളെയും അനുസ്മരിക്കുന്ന ദിവസമാണ്. നമ്മുടെ കുടുംബത്തിൽ നിന്നും സമൂഹത്തിൽനിന്നും മറ്റും മൺമറഞ്ഞുപോയ എല്ലാ പൂർവ്വികരെയും നമ്മുടെ സുഹൃത്തുക്കളെയും, ബന്ധുക്കളെയും കർത്താവിന്റെ സന്നിധിയിൽ നമുക്ക് പ്രത്യേകം സമർപ്പിക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ നമുക്ക് കടമയുണ്ട്. നവംബർ മാസം, സാധിക്കുന്ന എല്ലാവരും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും, മരിച്ച ആത്മാക്കൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും വേണം. അവരുടെ ജീവിതത്തിൽ വന്നുപോയ കുറവുകളെ കർത്താവ് തന്റെ കരുണയാൽ മായിച്ച് സ്വർഗ്ഗത്തിലേക്ക് അവരെ പ്രവേശിപ്പിക്കട്ടെ.

നവംബർ മാസത്തിൽ നാം തിരുന്നാളാഘോഷിക്കുന്ന വിശുദ്ധയാണ് വിശുദ്ധ സിസിലി. ഇറ്റലിയിൽ ജീവിച്ചിരുന്ന ഈ വിശുദ്ധ

ഈശോയിലുള്ള വിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ചവളാണ്. വലിയ സ്ഥാനമാനങ്ങളും സമ്പത്തും ഈശോയ്ക്ക് പകരംവയ്ക്കാനാവില്ലെന്ന് തിരിച്ചറിഞ്ഞ വി. സിസിലിയ്ക്ക് ആഴത്തിൽ ഈശോയെ സ്നേഹിക്കാനായി. ദേവാലയ ഗായകസംഘത്തിന്റെ മധ്യസ്ഥയാണ് വിശുദ്ധ സിസിലി. നമ്മുടെ ദേവാലയങ്ങളിൽ നിസ്തുലമായ സേവനം ചെയ്യുന്ന ഗായകസംഘാംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു, അവരുടെ സേവനങ്ങൾക്ക് നന്ദിപറയുന്നു, അവരെ പ്രാർത്ഥനയിൽ ഓർക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വിശുദ്ധ സിസിലിയുടെ തിരുനാൾ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ നേരുകയും ചെയ്യുന്നു.

കുഞ്ഞുമക്കളെ, ദൈവം നിങ്ങൾക്ക് നൽകിയ വിവിധങ്ങളായ കഴിവുകൾ വളർത്തിയെടുക്കാനായി പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെ ആ കഴിവുകൾ ഉപയോഗിച്ച് ദൈവത്തെ മഹത്വപ്പെടുത്താനും സ്തുതിക്കാനും, സമൂഹത്തിൽ സേവനം ചെയ്യാനും നിങ്ങൾ പരിശീലിക്കണം. ദൈവം നിങ്ങൾക്ക് പ്രതിഫലം നൽകും.

നവംബർ മാസം മുപ്പതാം തീയതി വിശുദ്ധ അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾ നാം ആഘോഷിക്കുന്നു. ഈ വിശുദ്ധന്റെ നാമമാണ് എനിക്ക് നൽകപ്പെട്ടിട്ടുള്ളത്. എന്നെയും നിങ്ങളുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കണമെന്ന് അപേക്ഷിക്കുന്നു.

ദൈവം നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

ഏറെ ത്യാഗവും ഔദാര്യവും കാഴ്ചവയ്ക്കുന്ന വിശ്വാസപരിശീലകരെ ആദരവോടും, നന്ദിയോടും കൂടെ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ സ്വർഗ്ഗീയമധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാളും, വിശ്വാസപരിശീലനദിനാചരണവും നമുക്ക് കൂടുതൽ അനുഗ്രഹം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തിന്മയുടെ സ്വാധീനങ്ങൾ ചുറ്റിലും പതിന്മടങ്ങ് ശക്തിപ്പെടുമ്പോൾ, ക്രിസ്തുരാജന്റെ കൊടിക്കീഴിൽ നന്മയുടെ സാക്ഷികളായി നമുക്ക് അണിനിരക്കാം. മരണത്തിനപ്പുറമുള്ള സ്വർഗ്ഗീയമഹത്വത്തെ ലക്ഷ്യമാക്കി നമുക്ക് മുന്നേറാം.

**1. വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളുടെ വിവരങ്ങൾ**

ക്രിസ്ഫോം I : നവംബർ 3–5, 10–12, 17–19, ഡിസം. 01–03, 15–17,

ക്രിസ്ഫോം II : ഡിസം. 08–10.

ക്രിസ്ഫോം III & Freshers Course ഡിസം. 10

യുവവിദ്യാർത്ഥികൾക്കായുള്ള ധ്യാനം: 2023 ഡിസംബർ 28, 29, 30

11, 12, എ.സി.സി. വിദ്യാർത്ഥി കൾക്കും മറ്റ് യുവജനങ്ങൾക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ഗൂഗിൾഫോം വഴിയാണ് ചെയ്യേണ്ടത്.

**2. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ**

നവംബർ 4–ാം തിയതിയാണല്ലോ വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ (Patron of Catechists) തിരുസഭയിൽ ആചരിക്കുന്നത്. ഈ തിരുനാൾ നവംബർ 5–ാം തിയ്യതി ഞായറാഴ്ച്ച യൂണിറ്റുകളിൽ സമുചിതമായി ആഘോഷിക്കുന്നു. അന്നേദിവസം സ്റ്റാഫ് മീറ്റിംഗ്, അധ്യാപകരെ ആദരിക്കൽ എന്നിവ നടത്തേണ്ടതാണ്.

**3. സോഫ്റ്റ് വെയറിൽ പൂർത്തിയാക്കേണ്ടവ.**

1. അർദ്ധവാർഷിക പരീക്ഷാതിയതി വരെയുള്ള ഹാജർ
2. അർദ്ധവാർഷിക പരീക്ഷയുടെ മാർക്ക്
3. പുനപരീക്ഷക്കുള്ളവരുടെ രജിസ്ട്രേഷൻ
4. നവംബർ 13 നുള്ളിൽ ഇവ പൂർത്തിയാക്കേണ്ടതാണ്

**4. പുന:പരീക്ഷ** – നവംബർ 19 ന് ഉച്ചതിരിഞ്ഞ് 2 മുതൽ 4 വരെ യൂണിറ്റുകളിൽ നടത്തുന്നു. 12, ACC ക്ലാസ്സുകളിലെ ചോദ്യപേപ്പർ നവംബർ 13 മുതൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്ന് കൊണ്ടു

പോകാവുന്നതാണ്. മറ്റു ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ചോദ്യപേപ്പർ യൂണിറ്റിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

**5.** SMCC**:** യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നവംബർ 4, 5 തിയതികളിൽ ക്യാമ്പ് DBCLC യിൽ വെച്ച് നടക്കുന്നു. സമയം 9 മുതൽ 4.30 വരെ

**6. മിശിഹായുടെ രാജത്വത്തിരുനാൾ – നവംബർ 26 ഞായർ**

യൂണിറ്റുകളിൽ പതാക ഉയർത്തി ആഘോഷമായ ദിവ്യബലിയോടു കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത്, 'യേശു രാജാധിരാജനാണ്' എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും. ഇതോടനുബന്ധിച്ച് റാലിയും മറ്റും നടത്തുന്നത് ഉചിതമാണ്.

**7. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2023**

യൂണിറ്റ് തലം – 2023 ഡിസംബർ 3, ഞായർ – 03.00 PM - 04.30 PM

പാഠ്യഭാഗം: "വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം" ഈ പുസ്തകത്തിന്റെ ഒന്നു മുതൽ 8 വരെയുള്ള പാഠം

അതിരൂപതാതലം: 2023 ഡിസംബർ 31, ഞായർ– 02.30 PM - 04.30 PM, DBCLC

അധികപാഠ്യഭാഗം : വെളിപാട് 7, 8, 9 അധ്യായങ്ങൾ

**8. ആപ്റ്റിറ്റ്യൂഡ് പുനഃപരീക്ഷ**

ഡിസംബർ 31, ഞായർ–03.00 PM - 04.30 PM

**9. അവാർഡ് ഡേ:** സർവ്വീസ് അവാർഡ്, റിട്ടയർ ചെയ്ത അധ്യാപകർക്കുള്ള ആദരം, മുടങ്ങാതെ വന്ന അധ്യാപകർക്കുള്ള അവാർഡ്, ടീച്ചേഴ്സ് എക്സലൻസ് അവർഡ്, മോഡൽ യൂണിറ്റുകൾ, ബെസ്റ്റ് മോഡൽ യൂണിറ്റ് എന്നിവ 2024 ജനുവരി 26 ന് നടത്തുന്ന അവാർഡ് ദിനത്തിൽ നൽകുന്നതാണ്.

പ്രാർത്ഥനയോടെ,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**

ഈ സെമസ്റ്ററിലെ Introduction to Eastern Theology (Rev. Dr. Paul Pulikkan), Advanced English for Theological Studies 1 (Theological & Canonical Vocabulary) (Rev. Dr. Daijo Poruthur) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

ഒക്ടോബർ 01, 15, 29 ന് സുവിശേഷങ്ങൾ (Rev. Fr. Denny Chirayath), പൗരസ്ത്യസഭയുടെ കാനോനസംഹിത (Rev. Dr. Francis Aloor), ത്രിയേകദൈവം (Mar Tony Neelankavil) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**3. Course on Theology of Family (One and Half Years)**

45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**4. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months Regular Theology Course ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടന്നുകൊണ്ടിരിക്കുന്നു.

**5. Online Certificate Course in Theology (Two Years)**

ഒക്ടോബർ മാസം ഇതരമതങ്ങളോടുള്ള കത്തോലിക്കാസഭയുടെ കാഴ്ചപ്പാട് (Rev. Dr. Nysson Alanthanath) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Basic Bible Course (BBC)**

ഒക്ടോബർ മാസം ക്ലാസ്സ് നയിച്ചവർ Rev. Fr. Linson Thattil, Rev. Fr. Denny Chirayath, Rev. Dr. Dijo Olakkengil

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

## Gate 2024 - Crash Course

അഖിലേന്ത്യ തലത്തിൽ IIT, IISC, NIT മുതലായ സ്ഥാപനങ്ങളിൽ മാസ്റ്റേഴ്സ് ഡിഗ്രി പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് എക്സൽ അക്കാദമി നടത്തുന്ന ക്രാഷ് കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. ജനറൽ ആപ്റ്റിറ്റ്യൂഡ്, റീസണിങ്ങ്, കോപ്രിഹൻ ഷൻ പേപ്പറുകൾക്ക് പുറമെ, എക്കണോമിക്സ്, ഇംഗ്ലീഷ്, ഫിലോസഫി, സോഷ്യോളജി, സൈക്കോളജി വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കും.

## ന്യൂനപക്ഷ വകുപ്പ് PSC സൗജന്യ പരിശീലനം (Coaching Centre for Minority Youth)

കേരള സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ പി എസ് സി സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ് മിഷൻ തുടരുന്നു. ന്യൂനപക്ഷ വകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും P S C സൗജന്യ പരിശീലന ക്ലാസുകൾ നടക്കുന്നു. രാവിലെ 10. 30 മുതൽ 4 മണി വരെ സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസുകൾ നയിക്കുന്നു.

## എക്സൽ എക്സലൻസ് എക്സാം

ഇടവക തലത്തിലും, സ്കൂൾതലത്തിലും എല്ലാവർഷവും നട ത്തിവരാറുള്ള എക്സൽ എക്സലൻസ് എക്സാം നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തുന്നു.

## സിവിൽ സർവീസ് കോഴ്സ്

സിവിൽ സർവീസ് കോഴ്സ് വീക്കെൻഡ് ബാച്ച് ഡി.ബി.സി. എൽ.സി. എക്സൽ അക്കാദമിയിൽ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. പ്ലസ് ടു, ഡിഗ്രി, പി.ജി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ബാച്ചിൽ അഡ്മിഷൻ എടുക്കാവുന്നതാണ്, സിവിൽ സർവീസ് കോഴ്സ് ഡെയിലി ബാച്ച് നവംബർ മാസത്തിൽ ആരംഭിക്കും

കൂടുതൽ വിവരങ്ങൾക്ക് – 9744941585 / 9847276657 / 7306952904

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**പരീക്ഷകൾ**

ബഹു. ഡീക്കന്മാരുടെ Comprehensive Examinations സെപ്റ്റംബർ 13 , സെപ്റ്റംബർ 22 എന്നീ ദിവസങ്ങളിൽ നടന്നു.

**വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ**

സെപ്റ്റംബർ 14 ന് വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസം ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ഗോരക്പൂർ രൂപതയുടെ നിയുക്ത മെത്രാൻ മാത്യു നെല്ലിക്കുന്നേൽ, പൂർവ്വവിദ്യാർത്ഥി ഫാ. ജോയിസ് പീടികയിൽ എന്നിവർ ചേർന്ന് സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു.

**തിരുശേഷിപ്പ് വണക്കം**

തൃശ്ശൂർ അതിരൂപത സി. എൽ. സി. യുടെ നേതൃത്വത്തിൽ നടത്തുന്ന വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസിന്റെ തിരുശേഷിപ്പ് പ്രയാണം സെപ്റ്റംബർ 15 ശനിയാഴ്ച മേരി മാതാ മേജർ സെമിനാരിയിൽ സ്വീകരിച്ചു. ഫാ. ഫ്രജോ വാഴപ്പിള്ളി, ഫാ. സിജോ പുത്തൂർ എന്നിവരുടെ നേതൃത്വത്തിൽ സെമിനാരിയിൽ എത്തിച്ചേർന്ന തിരുശേഷിപ്പ് റെക്ടർ ഫാദർ സെബാസ്റ്റ്യൻ ചാലക്കൽ, മറ്റ് വൈദികർ, വൈദികവിദ്യാർത്ഥികൾ എന്നിവർ ചേർന്ന് സ്വീകരിച്ചു.

**മാസധ്യാനം**

ആദ്യ സെമസ്റ്ററിലെ അവസാനത്തെ മാസധ്യാനം സെപ്റ്റംബർ 15,16 ദിവസങ്ങളിൽ നടന്നു. ഇരിങ്ങാലക്കുട രൂപതാംഗമായ ബഹു. ഫാ. ലിജോ കരുത്തി (റെക്ടർ, തിരുഹൃദയ സെമിനാരി) ധ്യാനചിന്തകൾ പങ്കുവച്ചു.

**എക്സ്പോഷർ പ്രോഗ്രാം**

അദ്ധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കാനും അദ്ധ്വാനിക്കുന്നതിന്റെ ക്ലേശങ്ങൾ നേരിട്ടറിഞ്ഞനുഭവിക്കാനും സഹായിക്കുന്ന എക്സ്പോഷർ പ്രോഗ്രാം സെപ്റ്റംബർ 17ന് ആരംഭിച്ച് 23 ന് പരിസമാപിച്ചു. തൃശ്ശൂർ, എറണാകുളം, പാലക്കാട് ജില്ലകളിലെ വിവിധസ്ഥലങ്ങളിൽ ഗ്രൂപ്പുകളായി വൈദികവിദ്യാർത്ഥികൾ ജോലി ചെയ്തു.

**മിഷൻ എക്സ്പോഷർ**

ബഹു. ഡീക്കന്മാർ മിഷൻ ചൈതന്യം സ്വായത്തമാക്കാൻ സെപ്റ്റംബർ 17ാം തിയ്യതി സാഗറിലേക്ക് യാത്ര തിരിച്ചു. മൂന്നാഴ്ചക്കാലം മിസ്സിയോളജി പഠിച്ചും മിഷൻ പ്രദേശങ്ങളിലെ ശുശ്രൂഷകളിൽ പങ്കുകൊണ്ടും അവർ അവിടെ ചെലവഴിച്ചു. ബഹു. ഡേവിസ് കാവുങ്കലച്ചൻ, സൈജോ തൈക്കാട്ടിലച്ചൻ, ജിബിൻ താഴേക്കാടനച്ചൻ എന്നിവർ നേതൃത്വം നല്കി.

**വൈദികരുടെ വാർഷിക ധ്യാനം**

തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനം : രണ്ടാം ബാച്ച് ഒക്ടോബർ 17 മുതൽ 22 വരെയും മൂന്നാം ബാച്ച് 24 മുതൽ 29 വരെ ദിവസങ്ങളിൽ മേരി മാതാ മേജർ സെമിനാരിയിൽ വച്ച് നടന്നു.

**അവധിക്കാലം**

എക്സ്പോഷർ പ്രോഗ്രാമിന് ശേഷം സെപ്റ്റംബർ 23 മുതൽ ഒക്ടോബർ 8 വരെ അവധിയ്ക്കായി വീടുകളിലെക്ക് പോയി. ഒക്ടോബർ 8 ഞായറാഴ്ച എല്ലാവരും അവധി കഴിഞ്ഞ് സെമിനാരിയിൽ തിരിച്ചെത്തി.

**ഫാദർ സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**ഏകദിന ജീവിത മാർഗ്ഗദർശന ക്യാമ്പ്**

ഭാവിയിൽ തെരഞ്ഞെടുക്കേണ്ട ജീവിതാന്തസ്സുകളെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ കുട്ടികൾക്ക് നൽകുവാൻ

ലക്ഷ്യംവെച്ച് തൃശൂർ മൈനർ സെമിനാരിയിൽ ഏകദിന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

നവംബർ 11 രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ (പത്താം ക്ലാസ്)

നവംബർ 18 രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ (ഒമ്പതാം ക്ലാസ്)

നവംബർ 25 രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ (എട്ടാം ക്ലാസ്)

ഡിസംബർ രണ്ടാം തിയ്യതി ഈ വർഷം സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടിയുള്ള ഏകദിന ക്യാമ്പ് നടത്തുന്നു. ബഹു. വികാരിയച്ചന്മാരും, സിസ്റ്റേഴ്സും വിശ്വാസ പരിശീലകരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുന്നു. വിശദവിവരങ്ങൾ നോട്ടീസ് മുഖേന അറിയിക്കുന്നതാണ്.

**ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ കബറിട സന്ദർശനം**

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 67–ാം ചരമവാർഷികത്തോടനുബന്ധിച്ച് 2023 ഒക്ടോബർ 7–ാം തിയ്യതി ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിലേക്ക് സെമിനാരി വിദ്യാർത്ഥികൾ തീർത്ഥയാത്ര നടത്തി. വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം ധന്യൻ ഊക്കനച്ചൻ വിശ്രമജീവിതം നയിച്ച വീടിനുള്ളിലെ ചാപ്പലിൽ പ്രാർത്ഥിക്കുകയും, നാമകരണ കോടതിയുടെ വൈസ് പോസ്റ്റുലേറ്റർ സിസ്റ്റർ വർഷ സി.എസ്.സി. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവചരിത്രം സെമിനാരി വിദ്യാർത്ഥികളുമായി പങ്കുവെച്ചു. ബഹുമാനപ്പെട്ട റെക്ടറച്ചനും ഫാ. പ്രിൻസ് ചിരിയങ്കണ്ടത്തച്ചനും, തീർത്ഥാടനത്തിന് നേതൃത്വം നൽകി.

**മാസധ്യാനം**

ഒക്ടോബർ മാസത്തിലെ മാസധ്യാനത്തിന് ബഹുമാനപ്പെട്ട ബഹു. ജേക്കബ് തച്ചറാട്ടിലച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. ഒക്ടോബർ ആറാം തിയ്യതി വെള്ളിയാഴ്ച സായാഹ്നത്തിലാണ് മാസധ്യാനം സംഘടിപ്പിച്ചത്.

**ആർട്സ് & സ്പോർട്സ് ഡേ**

മൈനർ സെമിനാരി ഹോം ഡേ ആഘോഷത്തിന് മുന്നോടിയായുള്ള ആർട്സ് & സ്പോർട്സ് ഡേ ആവേശപൂർവ്വം നടത്തപ്പെട്ടു. സെമിനാരി വിദ്യാർത്ഥികൾ തങ്ങളുടെ കലാ–സാഹിത്യ–കായിക തലങ്ങളിലൂടെ കഴിവുകൾ തിരിച്ചറിയുകയും, വളർത്തുകയും ചെയ്ത അവസരങ്ങളായിരുന്നു ആ ദിവസങ്ങൾ.

**മിഷൻ ഞായർ ആചരണം**

ഓരോ ക്രൈസ്തവനും മിഷനറിയാണ് എന്ന ആഹ്വാനം സ്വീക

രിച്ചുകൊണ്ട് മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഒക്ടോബർ 22–ന് സെമിനാരി കുടംബം മിഷൻ ഞായർ ആചരിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി ഹെന ജെയിംസ്, തോട്ടത്തിൽ ഹൗസ്, ചേറൂർ
2. ശ്രീമതി ഉഷ വിൻസെന്റ്, ചെറുവത്തൂർ ഹൗസ്, പാലയൂർ
3. ശ്രീമതി മീന ജെ. പുത്തൂർ, തരകൻ ഹൗസ്, കൂനംമുച്ചി.
4. ശ്രീ. പി.എ. വർഗ്ഗീസ് & ശ്രീമതി ഷീല വർഗ്ഗീസ്, പെരുമാട്ടിൽ ഹൗസ്, ചേറൂർ

വൈദിക പരിശീലനത്തിനായി പ്രാർത്ഥനയും സാമ്പത്തിക സഹായവും നൽകി അതിരൂപതയോട് സഹകരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള ഉപകാരികൾക്ക് പ്രത്യേകം നന്ദി. നിത്യപുരോഹിതനായ ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**സഹൃദയയിൽ വർക്ക്ഷോപ്പുമായി ജൂബിലി**

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജും, കൊടകര സഹൃദയ എഞ്ചിനീയറിംഗ് കോളേജും ചേർന്ന്, ബയോ–മെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി "ഫസ്റ്റ് എയ്ഡിന്റെ അടിസ്ഥാനസൗകര്യങ്ങൾ" എന്ന വിഷയത്തെക്കുറിച്ച് വർക്ക്ഷോപ്പ് നടത്തി. 100 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് പ്രോഗ്രാം നടത്തിയത്. കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റിലെ സീനിയർ റസിഡന്റ് ആയ ഡോ. തോംസൺ സി. ഡേവീസ്, പോസ്റ്റ് ഗ്രാജുവേറ്റായ ഡോ. നദാ പർവീൺ, ഡോ. നിമിഷ ബി. എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകി.

**പുല്ലംകണ്ടം മെഡിക്കൽ ക്യാമ്പ്**

പുല്ലംകണ്ടം സെന്റ് ജോർജ്ജ് ചർച്ചിന്റെയും, ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെയും സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പും രക്തദാന ക്യാമ്പും പുല്ലംകണ്ടം സെന്റ് ജോർജ്ജ് ചർച്ചിൽ വച്ച് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ, ഒഫ്താൽമോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ നടത്തിയ ക്യാമ്പിൽ 146 പേർ പങ്കെടുത്തു. 43 പേർ രക്തം ദാനം ചെയ്യുകയും ചെയ്തു.

**ദേശീയ നേത്രദാന പക്ഷാചരണം**

നേത്രദാന ബോധവൽക്കരണത്തിന്റെ ഭാഗമായി തൃശ്ശൂർ ലയൺസ് ക്ലബിന്റേയും, ജൂബിലി മിഷൻ ആശുപത്രിയുടേയും, ആഭിമുഖ്യത്തിൽ ദേശീയ നേത്രദാന പക്ഷാചരണം നടന്നു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ തൃശ്ശൂർ ലയൺസ് ക്ലബ് പ്രസിഡന്റ് ശ്രീ. വിനു കുറ്റിച്ചാക്കു അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ ലയൺസ് വൈസ് ഡിസ്ട്രിക്ട് ഗവർണർ ശ്രീ ജെയിംസ് വളപ്പില മുഖ്യപ്രഭാഷണം നടത്തി. ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ നേത്രദാനപ്രതിജ്ഞ ചൊല്ലികൊടുത്തു. അദ്ധ്യാപകദിനത്തോട് അനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ നേത്രരോഗവിഭാഗത്തിലെ അദ്ധ്യാപകരെ ലയൺസ് ക്ലബ് ആദരിച്ചു. തുടർന്ന് സൗജന്യ നേത്രദാന പരിശോധനയും ഉണ്ടായിരുന്നു.

**ലോക ഫാർമസിസ്റ്റ് ദിനം**

ലോകമെമ്പാടുമുള്ള ഫാർമസിസ്റ്റുകളെ ആദരിക്കുക എന്ന ഉദ്ദേശത്തോടുകൂടെയാണ് ലോക ഫാർമസിസ്റ്റ് ദിനം ആചരിച്ചത്. ‘ഫാർമസിസ്റ്റ് സ്ട്രങ്ങ്ത്തനിങ്ങ് ഹെൽത്ത് സിസ്റ്റം’ എന്ന ആശയം പ്രചരിപ്പിച്ചുകൊണ്ടാണ് ഈ വർഷം ഈ ദിനം ആചരിക്കുന്നത്. ജൂബിലി ഫാർമസി ഇൻചാർജ് സി. ജീസ് തെരേസിന്റെ സ്വാഗതത്തോടെ ആരംഭിച്ചു. ചടങ്ങ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു.

**ആത്മഹത്യ പ്രതിരോധദിനം**

ആത്ഹത്യാ പ്രതിരോധദിനത്തോട് അനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിലെ സൈക്യാട്രി വിഭാഗത്തിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. 'പ്രത്യാശ പ്രവൃത്തിയിലൂടെ' എന്ന മുദ്രാവാക്യം ആസ്പദമാക്കി സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ മേനോൻ ഗിരീഷ് ക്ലാസ്സ് നയിച്ചു.

**പള്ളിക്കുന്ന് മെഡിക്കൽ ക്യാമ്പ്**

പള്ളിക്കുന്ന് അസംപ്ഷൻ ചർച്ചിൽ ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഉദ്ഘാടനം അസംപ്ഷൻ പള്ളി വികാരി ഫാ. ജെയ്സൺ കൂനംപ്ലാക്കൽ നിർവ്വഹിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അർഹരായ രോഗികൾക്ക് സൗജന്യ മരുന്നുകൾ വിതരണം ചെയ്തു.

**അൽഷിമേഴ്സ് ദിനാചരണം**

അൽഷിമേഴ്സ് അസുഖത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനും രോഗത്തെക്കുറിച്ച് ജാഗ്രത വളർത്തുന്നതിനും വേണ്ടി ലോക അൽഷിമേഴ്സ് ദിനത്തിൽ ജെ. സി. എം. ആർ. വിവിധ ശാസ്ത്ര സംഭാഷണങ്ങൾ ആസൂത്രണം ചെയ്തു. പരിപാടിയിൽ ഡോ. ഫിജു ചാക്കോ, ന്യൂറോളജി ഡിപ്പാർട്ടുമെന്റ്, ഡോ. സിജു ജോസ്, ജനറൽ മെഡിസിൻ ഡിപ്പാർട്ടുമെന്റ്, ഡോ. ഫാ. ദേവ് അഗസ്റ്റ്യൻ അക്കര, സൈക്യാട്രി ഡിപ്പാർട്ടുമെന്റ്, ഡോ. ദിലീപ് വിജയൻ, ജെ. സി. എം. ആർ. എന്നിവർ അൽഷിമേഴ്സ് എന്ന അസുഖത്തിന്റെ രോഗനിർണയം, ചികിൽസ, മരുന്നുകൾ, ശുശ്രൂഷ, ലക്ഷണങ്ങൾ എന്നിവയെപറ്റി സംസാരിച്ചു. റിസർച്ച് കോഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ്, ഡോ. മാത്യു ജോൺ എന്നിവർ യഥാക്രമം ആമുഖ പ്രഭാഷണവും നന്ദി പ്രഭാഷണവും നടത്തി.

**ജൂബിലിക്ക് പുതിയ അസിസ്റ്റന്റ് ഡയറക്ടർ**

ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി (മെഡിക്കൽ എഡ്യുക്കേഷൻ & സർവീസസ്) ഫാ. പോൾ ചാലിശ്ശേരി ചാർജെടുത്തു. വൈദികരുടേയും, സിസ്റ്റേഴ്സിന്റേയും മറ്റു ജൂബിലി കുടുംബാംഗങ്ങളുടേയും നേതൃത്വത്തിൽ സ്വീകരണം നൽകി. 2008 മുതൽ 2012 വരെ ഫാ. പോൾ ജൂബിലിയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റായി സേവനം ചെയ്തിരുന്നു.

**അഭിനന്ദനങ്ങൾ**

- ഇന്ത്യൻ കോളേജ് ഓഫ് ഒബ്സ്റ്റട്രിഷൻ ആൻഡ് ഗൈനക്കോളജിസ്റ്റ് (ICOG)യുടെ ഗവേണിംഗ് കൗൺസിൽ അംഗമായി ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി പ്രൊഫസർ ഡോ. അശ്വത്ത് കുമാർ തിരഞ്ഞെടുക്കപ്പെട്ടു.
- കൊല്ലത്തുവച്ച് നടന്ന കേരള സ്റ്റേറ്റ് ഇ. എൻ. ടി. കോൺഫറൻസിൽ (KENTCON) ഒറിജിനൽ റിസർച്ച് പേപ്പർ കോമ്പറ്റിഷനിൽ "എഫക്ടീവ്നസ് ഓഫ് പൾസ് സ്റ്റെറോയ്ഡ് തെറാപ്പി ഇൻ ഇഡിയോപ

തിക് SSNHL അപ്രോസ്പെക്ടീവ് സ്റ്റഡി" എന്ന തലക്കെട്ടിലുള്ള പ്രബന്ധത്തിന് ഇ. എൻ. ടി. വിഭാഗം പ്രൊഫസർ ഡോ. ഇസാൻ എ. ടി. രണ്ടാം സ്ഥാനം കരസ്ഥമാക്കി.

- കേരള സംസ്ഥാന ഇ. എൻ. ടി. കോൺഫറൻസിൽ (KENTCON 2023) പി. ജി. പേപ്പർ പ്രസന്റേഷനിൽ "കളർ V/s ബ്ലാക്ക് ആൻഡ് വൈറ്റ് – ഇൻ സി. എസ്. എഫ്. ലീക്ക് റിപ്പയർ" എന്ന വിഷയത്തിൽ ഡോ. നികിത മറിയം ജോണി മൂന്നാം സ്ഥാനം കരസ്ഥമാക്കി.
- ക്രിസ്റ്റ്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CMAI) ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി ദേശീയതല പരീക്ഷയിൽ സ്വാലിഹ എ. എസ്, സിത്താര കെ. എ ഒന്നും രണ്ടും റാങ്കുകൾ കരസ്ഥമാക്കി.
- കോയമ്പത്തൂരിലെ പി. എസ്. ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ചിൽ വച്ച് നടന്ന ഇന്റർ കൊളീജിയേറ്റ് നാഷണൽ ലെവൽ മെഡിക്കൽ കോൺഫറൻസായ ആക്സ 2023ൽ unveiling the deceptive veil : Renal Actinomylosis - A rare diagnosis concealing as malignancy എന്ന വിഷയത്തിൽ പോസ്റ്റർ കോമ്പറ്റീഷനിൽ ജസ്സൽ മാത്യു (17–ാം ബാച്ച് എം. ബി. ബി. എസ്.) മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- പ്രൊഫ. ഡോ. കെ. പി. മാണി, തൃശ്ശൂർ
- അഭ്യുദയകാംക്ഷി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- മദർ സുപ്പീരിയർ, സെന്റ് ജോസഫ്സ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ
- സെന്റ് മേരീസ് ചർച്ച്, പൊങ്ങണംകാട്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ജോസ് ആലപ്പാടൻ, ആലപ്പാടൻ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ
- ഷിജി സി. എ, ചിരിയങ്കണ്ടത്ത് ഹൗസ്, രാമവർമ്മപുരം, തൃശ്ശൂർ
- സുമാദേവി പി. ആർ, പെരിങ്ങാവ്, തൃശ്ശൂർ
- ഷീബ ജോസ്, കളത്തിപറമ്പിൽ ഹൗസ് അരണാട്ടുകര, തൃശ്ശൂർ
- ജൂബിലി മിഷൻ ആശുപത്രി, എഫ്.സി.സി ക്വാർട്ടേഴ്സ്, തൃശ്ശൂർ
- ബെൻസി ഫിബി
- വിനു ജോസ്

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**മൈക്രോ ടീച്ചിംഗ്**

2023–25 ഒന്നാം വർഷ ബി.എഡ് ബാച്ചിന്റെ മൈക്രോ ടീച്ചിംഗ് ക്ലാസുകൾ ഒക്ടോബർ 9 തിങ്കളാഴ്ച ആരംഭിച്ചു. അഞ്ച് ദിവസങ്ങളിലായി നടന്ന ക്ലാസുകൾ ഒക്ടോബർ 13 വെള്ളിയാഴ്ചയാണ് സമാപിച്ചത്.

**ഓറിയന്റേഷൻ ക്ലാസ്**

ഒക്ടോബർ 11 ബുധനാഴ്ച ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ആഡ് ഓൺ കോഴ്സ് ഫോർ ലൈഫ് സ്കില്ലിന്റെ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. വിമല കോളേജ് (ഓട്ടോണോമസ്) സോഷ്യൽ വർക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ലിംസ് തോമസ് ക്ലാസ് നയിച്ചു.

**ജി.ടി.എ മീറ്റിംഗ്**

2023–2025 ബാച്ചിന്റെ ജി.ടി.എ യോഗം ഒക്ടോബർ 20 വെള്ളിയാഴ്ച നടന്നു. മാനേജർ മോൺ.റവ.ഫാ.ജോസ് കോനിക്കര യോഗം ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ സ്വാഗതം ആശംസിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ റവ.ഡോ. ഷിജു ചിറ്റിലപ്പിള്ളി ആശംസകൾ നേർന്നു സംസാരിച്ചു.

**ചാർട്ട് വർക്ക് ഷോപ്പ്**

2023–25 ഒന്നാം വർഷ ബി.എഡ് ബാച്ചിന്റെ വിദ്യാർത്ഥികൾക്കായി ഒക്ടോബർ 26, 27 തിയ്യതികളിൽ ചാർട്ട് വർക്ക് ഷോപ്പ് സംഘടിപ്പിച്ചു.

**സിനർജി സീരീസ്**

ഒക്ടോബർ 31 ചൊവ്വാഴ്ച്ച അൺറാവലിംഗ് ദ ടപീസ്ട്രി എക്സ്പ്ലോറിംഗ് സൈക്കോ സോഷ്യൽ ഫാക്റ്റർസ് ഇൻ പേഴ്സണാലിറ്റി Unraveling the Development" എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിച്ചു. ഡോ.ദീപ വർഗ്ഗീസ് വിഷയത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു.

**MOOC കോഴ്സ് പൂർത്തീകരിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ അധ്യാപകരും അധ്യാപക വിദ്യാർത്ഥികളും ക്രിറ്റിക്കൽ അൺഡർ സ്റ്റാഡിംഗ് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി എന്ന ഹൃസ്വകാല ഓൺലൈൻ MOOC

കോഴ്സ് പൂർത്തിയാക്കി. കണ്ണൂർ സലഫി ബി.എഡ് കോളേജും പഞ്ചാബ് സർവ്വകലാശാലയും ചേർന്നാണ് MOOC കോഴ്സ് നടത്തിയത്. പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ആൻസി സോജന് ഏഷ്യൻ ഗെയിംസിൽ വെള്ളിമെഡൽ**

വനിതകളുടെ ലോങ്ജമ്പിൽ ആൻസി സോജൻ വെള്ളി നേടി ഇന്ത്യയുടെ അഭിമാനമായി. 6.63 മീറ്റർ ദൂരം ചാടിയാണ് ആൻസി വെള്ളി മെഡൽ സ്വന്തമാക്കിയത്. നാട്ടിക സ്വദേശിയും സെന്റ് തോമസ് കോളേജിലെ ബി.എ ഇംഗ്ലീഷ് ആന്റ് ഹിസ്റ്ററി വിദ്യാർത്ഥിയുമണ്. പുരുഷവിഭാഗം ലോങ് ജമ്പ് ജേതാവ് എം. ശ്രീശങ്കറിന്റെ പിതാവും കോച്ചുമായ എം. മുരളി സെന്റ് തോമസ് കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്.

**2. യുമാസിയ വെനിഫിക്ക – പുതിയ നിശാശലഭം**

കേരളത്തിൽ പുതിയ ഇനം നിശാശലഭത്തെ കണ്ടെത്തി. 'സൈക്കിഡെ' കുടുംബത്തിലുള്ള 'യുമാസിയ വെനിഫിക്ക' എന്ന പേര് നൽകിയ നിശാ ശലഭത്തെ ഇടുക്കി ജില്ലയിലെ നരിയംപാറയിൽ നിന്നാണ് കോളേജ് ഗവേഷക സംഘം കണ്ടെത്തിയത്. മന്ത്രവാദ തൊപ്പി എന്നർത്ഥം വരുന്ന വെനി ഡോ. ജോയ്സ് ജോസ് (ഡിപ്പാർട്ടമെന്റ് ഓഫ് സുവോളജി സെന്റ് തോമസ് കോളേജ്), ജർമ്മൻ ഗവേഷകനായ ഡോ. തോമസ് സോബ്ഡിക്, മാള കാർമ്മൽ കോളേജിലെ അദ്ധ്യാപകൻ ഡോ. ടി.ജെ ടോമി എന്നിവരടങ്ങുന്ന സംഘമാണ് ശലഭത്തെ കണ്ടെത്തിയത്. സുടാക്സ എന്ന രാജ്യാന്തര ജേർണലിൽ കണ്ടെത്തലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**3. മാഗസിൻ പ്രകാശനം ചെയ്തു**

സെന്റ് തോമസ് കോളേജ് ഓട്ടോണമസ് തൃശൂരിലെ 22–23 അദ്ധ്യയന വർഷത്തിലെ കലാലയ മാഗസിൻ പ്രകാശനം ചെയ്തു. പ്രശസ്ത ചലചിത്രതാരം സുനിൽ സുഖദ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും മാഗസിൻ പ്രകാശനം നടത്തുകയും ചെയ്തു. ചീഫ് എഡിറ്ററും കോളേജ് പ്രിൻസിപ്പാളുമായ ഫാദർ മാർട്ടിൻ അദ്ധ്യക്ഷസ്ഥാനം വഹിച്ചു. സ്റ്റാഫ് എഡിറ്റർ മെജോയ് ജോസ്, സ്റ്റുഡന്റ് എഡിറ്റർ ഭാവിത കെ.എസ് നന്ദിയും രേഖപ്പെടുത്തി.

വിദ്യാർത്ഥികളുടെ സർഗാത്മക സൃഷ്ടികളും കലാലയത്തിന്റെ മുഖച്ഛായയുമായ കോളേജ് മാഗസിൻ 'കനവ്' വിദ്യാർത്ഥി യൂണിയനും, മാഗസിൻ കമ്മിറ്റിയും ഏറെ സുന്ദരമായി പൂർത്തീകരിച്ച് വിദ്യാർത്ഥികൾക്കും കലാലയത്തിനുമായി സമ്മാനിച്ചു.

**4. ജില്ലാ എൻ.എസ്.എസ് കോർഡിനേറ്റർ**

സെന്റ് തോമസ് കോളേജ് ഓട്ടോണമസ് തൃശൂർ ഗണിതശാസ്ത്രവിഭാഗം  അസിസ്റ്റന്റ് പ്രൊഫ. ശ്രീ. രഞ്ജിത് വർഗീസ് തൃശൂർ ജില്ലാ എൻ.എസ്.എസ് കോർഡിനേറ്ററായി നിയമിക്കപ്പെട്ടു.

**5. തണ്ണീർത്തട ബയോ മോണിറ്ററിങ്**

തൃശൂർ സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) ബോട്ടണി വിഭാഗം, വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ, എൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളേജ് എന്നിവയുടെ സഹകരണത്തോടെ തൃശൂരിലെ കോൾ തണ്ണീർത്തടങ്ങളിൽ ഓഡോണേറ്റേഴ്സ് (ഡ്രാഗൺഫ്ളൈസ് ആൻഡ് ഡാംസെൽഫ്ലൈസ്) സർവ്വേ നടത്തി. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ നടത്തുന്ന ദേശീയ തല ഡ്രാഗൺഫ്ളൈ ഫെസ്റ്റിവലിന്റെ ഭാഗമാണ് ഈ പരിപാടി.

**6. എൻ.എസ്.എസ്**

തൃശൂർ സെന്റ് തോമസ് കോളേജിലെ എൻ.എസ്.എസ് യൂണീറ്റുകളായ 42,144 എന്നിവയുടെ നേതൃത്വത്തിൽ 'ലോക മൃഗക്ഷേമ ദിന'ത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി കോണ്ടസ്റ്റ് സംഘടിപ്പിക്കപ്പെട്ടു.
** വേൾഡ് പാലിയേറ്റീവ് ആൻഡ് ഹോസ്പിസ് ദിനാചരണത്തിന്റെ ഭാഗമായി എൻ.എസ്.എസ് അംഗങ്ങൾ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു

**7. ബയോബ്ലിറ്റ്സ് ആരംഭിച്ചു**

സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗവും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡും സംയുക്തമായി ഡിജിറ്റൽ

ഫ്ളോറ, ക്യു.ആർ കോഡിംഗ്, തൃശൂർ ജില്ലയിലെ വിദ്യാലയങ്ങളിലെ മരങ്ങളുടെ മാപ്പിംഗ് എന്നിവയ്ക്കായി ദ്വിദിന വർക്ക്ഷോപ്പ് 'ബയോബ്ലീറ്റ്സ്' സംഘടിപ്പിച്ചു.

**8. രക്തദാന അവാർഡ്**

ദേശീയ സന്നദ്ധ രക്ത ദാന ദിനമായ ഒക്ടോബർ 1–ന് തൃശൂർ സെന്റ് തോമസ് കോളേജ് ഐ.എം.എ യിൽ നിന്ന് രക്തദാന അവാർഡ് ലഭിച്ചു.

**9. ഗാന്ധിജയന്തിവാരാഘോഷം**

ഗാന്ധിജയന്തി ദിനത്തിൽ സ്വച്ഛ്ഭാരതിനായുള്ള ശ്രമദാനിൽ പങ്കുകാരായി തൃശൂർ സെന്റ് തോമസ് കോളേജിലെ ഒന്ന് രണ്ട് വർഷത്തെ ബിരുദ വിദ്യാർത്ഥികൾ കോളേജ് സർട്ടിഫിക്കറ്റ് ഓഫ് അപ്രിസേഷനും കരസ്ഥമാക്കി.

**10. അഭിനന്ദനങ്ങൾ**

തൃശൂർ സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്യാം സുധാകർ ഏദൻസിൽ നടക്കുന്ന ഗ്രീസ് ഇന്റർനാഷണൽ പോയട്രി മീറ്റിൽ പങ്കെടുത്തു. ഏഷ്യയിൽ നിന്നും പങ്കെടുക്കുന്ന ഏക കവിയാണ് ഡോ. ശ്യാം സുധാകർ.

**11. പോളിസി സർക്കിൾ ചർച്ചകൾ നടത്തി**

തൃശൂർ സെന്റ് തോമസ് കോളേജ് സാമ്പത്തിക ശാസ്ത്ര വിഭാഗം ആർ.ബി.ഐ നടത്തിയ എം.പി.സി കമ്മിറ്റി യോഗവുമായി ബന്ധപ്പെട്ട് രണ്ട് ചർച്ചകൾ നടത്തി. ആർ.ബി.ഐ മീറ്റിങ്ങിൽ വരുത്തിയേക്കാവുന്ന മാറ്റങ്ങളെക്കുറിച്ച് ആദ്യചർച്ച നയിച്ചത് എം.എ. ഒന്നാം വർഷ വിദ്യാർത്ഥി കാവ്യയാണ്. രണ്ടാമത്തെ ചർച്ച നയിച്ചത് എം.എ. ഒന്നാം വർഷ വിദ്യാർത്ഥി എൽവിൻ ആർ.ബി.ഐ യുടെ പ്രസ്ഥാവനയെക്കുറിച്ച് ചർച്ച ചെയ്തു. ചർച്ചകളിൽ സാമ്പത്തികശാസ്ത്ര മേധാവി ശ്രീ. ഇമ്മാനുവൽ തോമസും, ഫാക്കൽറ്റി കോ–ഓർഡിനേറ്റർമാരായ ശ്രീമതി ഗീത ഗോകുൽ, ഡോ. ജിനി പോൾ എന്നിവരും നേതൃത്വം നൽകി.

**12. ലോക ബഹിരാകാശ വാരാഘോഷം**

ലോക ബഹിരാകാശ വാരാഘോഷത്തിന്റെ ഭാഗമായി ഐ.എസ്.ആർ.ഒ സ്കൂൾ വിദ്യാർത്ഥികൾക്കായി അഖിലകേരള ചിത്രരചന മത്സരങ്ങൾ സംഘടിപ്പിച്ചു. തൃശൂർ സെന്റ് തോമസ് കോളേജ്, തിരുവനന്തപുരം കോട്ടൺ ഹിൽഹയർ സെക്കൻഡറി സ്കൂൾ, എറണാകുളം എളമക്കര സരസ്വതി വിദ്യാനികേതൻ, കണ്ണൂർ ചൊവ്വാ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്.

**13. പ്ലെയ്സ്മെന്റ് സെൽ**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നടത്തിയ അസഞ്ചറിന്റെ ഡ്രൈവിൽ 614 വിദ്യാർത്ഥികൾ പങ്കെടുത്തു. കൂടാതെ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി 'പ്ലെയ്സ് ക്ലിക്ക്' എന്ന ഓറിയന്റേഷൻ പ്രോഗ്രാമും, അവസാന വർഷ വിദ്യാർത്ഥികൾക്കായി 'ടീച്ച് ഫോർ ഇന്ത്യ' എന്ന പ്രോഗ്രാമും പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നടന്നു. പതിനഞ്ച് വിദ്യാർത്ഥികൾക്ക് 'സിഫോ' എന്ന സ്ഥാപനത്തിൽ ജോലി ലഭിച്ചു.

**14. പ്രസന്റേഷൻ മത്സരം**

തൃശൂർ സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) റിസർച്ച് ആൻഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് 'വെൽകം ടു ദ വേൾഡ് ഓഫ് ബിസിനസ്' എന്ന പേരിൽ ഒന്നാം വർഷ ബികോം ബാങ്കിംഗ് ആന്റ് ഇൻസുഷറൻസ് വിദ്യാർത്ഥികൾക്കായി പ്രസന്റേഷൻ മത്സരം സംഘടിപ്പിച്ചു. ബോട്ടണി വിഭാഗ മേധാവി ഡോ. ഗീതു എലിസബത്ത് തോമസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ കോമേഴ്സ് വിഭാഗ മേധാവി ഡോ. ഡെയ്സ്ലാന്റ് തട്ടിൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. മെസ്റ്റിൻ പി.സി നേതൃത്വം നൽകി.

**15. എൻ.സി.സി**

വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞടുക്കപ്പെട്ട എൻ.സി.സി കേഡറ്റുകൾ  മാറ്റുരയ്ക്കുന്ന തൽ സൈനിക് ക്യാമ്പിലേക്ക് സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശൂരിൽ നിന്നും രണ്ട് പേർ പങ്കെടുത്തു. സെന്റ് തോമസ് കോളേജിലെ രണ്ടാം വർഷ ഗണിത ശാസ്ത്ര ബിരുദ വിദ്യാർത്ഥി പി. മഹേഷ് കുമാർ, മൂന്നാം വർഷ സുവോളജി ബിരുദ വിദ്യാർത്ഥി ക്രിസ്റ്റീന ടി.എഫ് എന്നിവരാണ് ക്യാമ്പിൽ പങ്കെടുത്തത്. കേരള ആന്റ് ലക്ഷദ്വീപ് എൻ.സി.സി ഡയറക്ടറേറ്റിന്റെ ടീമിലാണ് പങ്കെടുത്തത്.

**16. ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം**

സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) അദ്ധ്യാപകർക്കായി ഫാക്കൽറ്റി  വികസന പരിപാടി ഒക്ടോബർ 6,9,10 ദിവസങ്ങളിൽ കവിപ്രതിഭാ ഹാളിൽ നടന്നു. നാലുവർഷ ബിരുദത്തെക്കുറിച്ചുള്ള ക്ളാസുകൾക്ക് ഡോ. ബിനു തോമസ് (അസോസിയേറ്റ് പ്രൊഫസർ), മരിയൻ കോളേജ് കുട്ടിക്കാനം, ഡോ. സുധീന്ദ്രൻ, റിസേർച്ച് ഓഫീസർ, കെ.എസ്.എച്ച്.ഇ.സി, തിരുവനന്തപുരം എന്നിവർ നേതൃത്വം നൽകി.

**ഫാ. ബിജു പാണേങ്ങാടൻ** — എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.** — പി.ആർ.ഒ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ...**

| | | |
|---|---|---|
| 1 ബുധൻ | – | സകല വിശുദ്ധരുടെയും തിരുനാൾ<br>കേരളപ്പിറവി ദിനം |
| 2 വ്യാഴം | – | സകല മരിച്ചവരുടെയും ഓർമ്മ |
| 3 വെള്ളി | – | ആദ്യവെള്ളി, വി. കുർബാന |
| 7 ചൊവ്വ | – | സി. വി. രാമൻദിനം<br>ദേശീയ ശാസ്ത്രദിനം |
| 14 ചൊവ്വ | – | ശിശുദിനം, നെഹ്റു ജന്മദിനം |
| 19 ഞായർ | – | പൗരദിനം |
| 24 വെള്ളി | – | എൻ. സി. സി. ദിനം |
| 26 ഞായർ | – | ഈശോയുടെ രാജത്വതിരുനാൾ |
| 30 വ്യാഴം | – | വി. അന്ത്രയോസ് തിരുനാൾ |

**2. ശിശുദിനം**

നവംബർ 14 ചൊവ്വാഴാഴ്ച്ച ശിശുദിനമാണ്. എല്ലാ വിദ്യാലയങ്ങളിലും ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ!

**3. നാമഹേതുതിരുനാൾ**

നവംബർ 30 വ്യാഴാഴ്ച്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുതിരുനാൾ ദിനമാണ്. അദ്ധ്യാപകരും, അനദ്ധ്യാപകരും, വിദ്യാർത്ഥികളും അന്നേദിവസം പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**നവംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ നവംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 1,2,3; 8,9,10; 15,16,17. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കും വിവാഹിതർക്കുമുള്ള പോസ്റ്റ് കാന കോഴ്സ്**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കും വിവാഹിതർക്കുമുള്ള അർദ്ധദിന പോസ്റ്റ് കാന കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നവംബർ 5–ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 9:30 മുതൽ നടക്കുന്നു. 'കുടുംബം ഭൂമിയിലെ സ്വർഗ്ഗം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും തുടർന്ന് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. വിവാഹിതരായവരും വിവാഹത്തിന് ഒരുങ്ങുന്നവരുമായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹിതരായവരെയും വിവാഹത്തിന് ഒരുങ്ങുന്നവരെയും പറഞ്ഞുവിടുമല്ലോ.

**വിവാഹ ജൂബിലി ആഘോഷങ്ങൾ**

വിവാഹജീവിതത്തിന്റെ 5, 10, 25, 50, 60 വർഷങ്ങൾ പിന്നിടുന്ന

വിവിധ ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരൊത്ത് ദിവ്യബലി അർപ്പിക്കാനും പ്രാർത്ഥനാശംസകൾ നേരാനും ഫാമിലി അപ്പൊസ്തൊലേറ്റ് ഒരു അവസരം ഒരുക്കുന്നു. ബഹു. അച്ചന്മാർ ഈ കാര്യം ഞായറാഴ്ച്ചയിലെ അറിയിപ്പുകളിൽ ഉൾപ്പെടുത്തി പങ്കെടുക്കുവാനുള്ളവരുടെ പേരും വ്യക്തമായ മേൽവിലാസവും നവംബർ 5 ന് മുൻപായി ഫാമിലി അപ്പൊസ്തൊലേറ്റിലേക്ക് എത്തിക്കുകയോ അല്ലെങ്കിൽ email - familythrissur@gmail.com അല്ലെങ്കിൽ വാട്സപ്പ് നമ്പർ 7736106824 അയക്കുകയോ ചെയ്യുമല്ലോ.

**വിവാഹത്തിന്റെ ഷഷ്ടിപൂർത്തി (60) –** 1963 ൽ വിവാഹിതരായവർ – ഡിസംബർ 2 ശനിയാഴ്ച രാവിലെ 9 മണി മുതൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ.

**വിവാഹത്തിന്റെ സുവർണ്ണ (50) ജൂബിലി –** 1973 ൽ വിവാഹിതരായവർ – ഡിസംബർ 2 ശനിയാഴ്ച രാവിലെ 9 മണി മുതൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ.

**വിവാഹരജത ജൂബിലി (25) ജൂബിലി –** 1998 ൽ വിവാഹിതരായവർ – ഡിസംബർ 16 ശനിയാഴ്ച ശനിയാഴ്ച രാവിലെ 9 മണി മുതൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ.

**വിവാഹത്തിന്റെ പത്താം വാർഷികം –** 2013 ൽ വിവാഹിതരായവർ – ഡിസംബർ 17 ഞായറാഴ്ച ഉച്ചക്ക് 1:30 മണി മുതൽ തൃശ്ശൂർ ബസിലിക്കയിൽ.

**വിവാഹത്തിന്റെ അഞ്ചാം വാർഷികം –** 2018 ൽ വിവാഹിതരായവർ – ഡിസംബർ 9 ശനിയാഴ്ച ഉച്ചക്ക് 1:30 മണി മുതൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടേഴ്സ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**അഗതിമന്ദിര സന്ദർശനം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾ പെരിങ്ങണ്ടൂരുള്ള

പോപ്പ് പോൾ പീസ് ഹോം സന്ദർശിക്കുകയും കേന്ദ്രസമിതിയുടെ സഹായം കൈമാറുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിൽ അതിരൂപത ഡയറക്ടർ, കേന്ദ്രസമിതി ഭാരവാഹികൾ, ഫൊറോന കൺവീനർമാർ എന്നിവർ പങ്കെടുത്തു.

**പോസ്റ്റർ പ്രകാശനം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ യുവജന ഭാരവാഹികളുടെ സംഗമത്തിന് മുന്നോടിയായുള്ള പോസ്റ്റർ പ്രകാശന കർമ്മം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഭാരവാഹികളും കുടുംബകൂട്ടായ്മ യുവജന ഭാരവാഹികളും സന്നിഹിതരായിരുന്നു.

**ഫൊറോന സന്ദർശനം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ പട്ടിക്കാട്, പുതുക്കാട്, ഒല്ലൂർ എന്നീ ഫൊറോനകളിൽ അതിരൂപത ഡയറക്ടർ ഡെന്നി താണിക്കലച്ചന്റെ നേതൃത്വത്തിൽ കേന്ദ്രസമിതി ഭാരവാഹികൾ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ അതാത് ഫോറോന വികാരിമാർ, ആനിമേറ്റർ അച്ചന്മാർ, ഫൊറോന ഭാരവാഹികൾ, ഇടവക കൺവീനർമാർ സംബന്ധിച്ചു.

**യുവജന കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ സംഗമം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയിലെ 221 ഇടവകകളിൽ നിന്ന് 3165 കുടുംബകൂട്ടായ്മകളിലെ യുവജന പ്രതിനിധികളുടെ സംഗമം 2023 നവംബർ 19–ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 9 മണി മുതൽ 1 മണി വരെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കും. പ്രസ്തുത സംഗമത്തിലേക്ക് ഇടവകയിലെ ഓരോ യൂണിറ്റിൽ നിന്നുള്ള യുവജനപ്രതിനിധികളെ പങ്കെടുപ്പിക്കുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**മെഗാ കോൽക്കളി**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ നവംബർ 21 ചൊവ്വാഴ്ച്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ 4.30 വരെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ അങ്കണത്തിൽ വച്ച് മെഗാ കോൽക്കളി ഉണ്ടായിരിക്കുന്നതാണ്. 221 ഇടവകകളിൽ നിന്ന് മാതൃവേദി അമ്മമാർ മെഗാ കോൽക്കളിയിൽ പങ്കെടുക്കുന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെഗാ കോൽക്കളി ഉദ്ഘാടനം ചെയ്യുകയും മാർ ടോണി നീലങ്കാവിൽ പിതാവ് സമാപന സന്ദേശം നൽകുന്നതുമാണ്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുകയും ഏവരേയും തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ അങ്കണത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

**വചന എഴുത്ത് മത്സര വിജയികൾ**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടന്ന വചന എഴുത്ത് മത്സര വിജയികൾ

ഒന്നാം സമ്മാനം – സിജി സൻജ്ജിത്ത് (പേരാമംഗലം ഇടവക).

രണ്ടാം സമ്മാനം – ഷീല വിൽസൻ (കണ്ണംകുളങ്ങര ഇടവക), മാഗി പിയൂസ് (പുത്തൻപീടിക ഇടവക), ഷീബ വിൻസെന്റ് (ചൂണ്ടൽ ഇടവക), ബിജി സെബി (പള്ളിക്കുന്ന് ഇടവക).

മൂന്നാം സമ്മാനം – ജീന ജോൺസൻ (വെള്ളാറ്റഞ്ഞൂർ ഇടവക), ലാലി ടി. പി (ചിറ്റിലപ്പിള്ളി ഇടവക), റോസിലി വർഗ്ഗീസ് (ലൂർദ്ദ് ഇടവക).

പ്രോത്സാഹന സമ്മാനങ്ങൾ – ഷൈന ഡെന്നി (കോട്ടപ്പടി ഇടവക), ബേബി വർഗ്ഗീസ് (ആമ്പക്കാട് ഇടവക). പങ്കെടുത്തവർക്കും വിജയികൾക്കും ഒത്തിരി നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ
**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ
**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നവംബർ 6 തിങ്കൾ വൈകീട്ട് 6.30 മുതൽ 8.30 വരെ നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും, വിശുദ്ധ കുർബാനയിലേക്കും, എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഗർഭഛിദ്രം നടത്തിയവർക്കുവേണ്ടിയുള്ള പരിഹാരബലി**

ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 11–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 11.00 മണിക്ക് തൃശ്ശൂർ വ്യാകുല മാതാവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലിയർപ്പിക്കുന്നതാണ്. തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിഹാരബലിയിൽ സംബന്ധിക്കാൻ എല്ലാവരേയും പ്രത്യേകിച്ച് ഈ തിന്മയ്ക്ക് കൂട്ടുനിന്നവരെയും ഈ തിന്മ പ്രവർത്തിച്ചവരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

# CCWI

**സിൽവർ ജൂബിലി സ്മാരക സ്നേഹഭവനം**

അതിരൂപതയിൽ സി.സി.ഡബ്ലിയു.ഐ സംഘടന ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയാവുകയാണ്. അതിന്റെ ഓർമ്മക്കായ് സി.സി.ഡ

ബ്ലിയു.ഐ അംഗങ്ങളുടെ സഹകരണത്തോടെ വല്ലച്ചിറ ഇടവകയിൽ സിൽവർ ജൂബിലി സ്മാരകമായി സ്നേഹഭവനം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഒക്ടോബർ 16–ാം തിയ്യതി തിങ്കളാഴ്ച്ച വെഞ്ചിരിക്കുകയും താക്കോൽദാനം നിർവ്വഹിക്കുകയും ചെയ്തു. സഹകരിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ടെസ്സി ജോസഫ്**
പ്രസിഡന്റ്

## ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

**LOAF COUPLES RETREAT**

ഒക്ടോബർ മാസത്തെ ധ്യാനം 13,14,15 തിയ്യതികളിലായി ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് മനോഹരമായി നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

2023 നവംബർ മാസത്തെ ദമ്പദികൾക്കായുള്ള ധ്യാനം 10,11,12 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. നവംബർ 10 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'സ്പിരിച്ചൽ ഡേ' ഒക്ടോബർ 14–ാം തിയ്യതി മഡോണയിലുള്ള മൈനർ സെമിനാരിയിൽ വച്ച് നടന്നു. ലോഫിൽ നിന്നും പുറമെ നിന്നുമുള്ള കുടുംബങ്ങൾ പങ്കെടുത്തു. ലോഫ് കുടുംബധ്യാനത്തിൽ പങ്കെടുത്ത ദമ്പതികളും ഈ കൂട്ടായ്മയിൽ പങ്കെടുക്കാൻ വന്നതിൽ അതീവ സന്തോഷം രേഖപ്പെടുത്തുന്നു. വിശ്വസ്തത എന്ന പരിശുദ്ധാത്മാവിന്റെ ഫലത്തെകുറിച്ചായിരുന്നു ഈ മാസധ്യാനത്തിൽ ഊന്നൽ നൽകിയത്. പങ്കെടുത്ത എല്ലാവർക്കും, സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

അടുത്തമാസത്തെ സ്പിരിച്ചൽ ഡേ **നവംബർ 11–ാം** തിയ്യതി മഡോണയിലുള്ള മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു.

**LOAFACADEMY**

ലോഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സഭയുടെ പഠനങ്ങൾ പഠിക്കാനും മനസ്സിലാക്കാനും കുടുംബങ്ങൾ ഒന്ന് ചേർന്നുള്ള പ്രാർത്ഥ പഠന ശിബിരമാണ് 'Loaf Academy ' എന്ന പേരിൽ നവംബർ 26–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. ലോഫ് കുടംബങ്ങളും ലോഫിൽ ചേരാൻ ആഗ്രഹിക്കുന്നവരും ഈ പഠന ശിബിരത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുകയും ക്ഷണിക്കുകയും ചെയ്യുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

## തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ബിപിഎൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന മെറിറ്റ് കം മീൻസ് (ബിപിഎൽ) സ്കോളർഷിപ്പ്**

സംസ്ഥാനത്തെ വിവിധ ഹയർസെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനം ലഭിച്ചിരിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന ബി.പി.എൽ. സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഹയർസെക്കൻഡറിയിൽ പഠിക്കുന്ന ബിപിഎൽ വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 2007–2008 അധ്യയന വർഷം മുതൽ നടപ്പിലാക്കി വരുന്നതാണ്, ഈ സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 5000/രൂപയാണ്, സ്കോളർഷിപ്പ് തുക. വിദ്യാർത്ഥി, ഇപ്പോൾ പഠിക്കുന്ന സ്കൂൾ മുഖാന്തിരമാണ്, അപേക്ഷ സമർപ്പിക്കേണ്ടത്. പ്ലസ് വൺ വിദ്യാർഥികളിൽനിന്ന് അപേക്ഷ സ്വീകരിച്ച് സ്കൂൾ തല കമ്മിറ്റി പരിശോധിച്ച് മെറിറ്റ് കം

മീൻസ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തിയാണ് സ്കോളർഷിപ്പ് നൽകിവരുന്നത്. പ്ലസ് വണ്ണിൽ സ്കോളർഷിപ്പ് യോഗ്യത നേടുന്നവർക്ക് നിർദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം പ്ലസ്ടുവിൽ സ് കോളർഷിപ്പിന് അർഹതയു ണ്ടായിരിക്കും.അപേക്ഷകന് പത്താം ക്ലാസ്സിൽ ലഭിച്ച സ്കോറിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ഗവണ്മെന്റ് /എയ്ഡഡ് സ്കൂളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കാണ്, അപേക്ഷിക്കാനവസരം. മൂന്നു വിഭാഗങ്ങളിൽ ആയാണ് മെറിറ്റ് കം മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് സ്കോളർഷിപ്പ് നൽകി വരുന്നത്.

1. ജനറൽ വിഭാഗം, 2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, 3. ആർട്സ് / സ്പോർട്സ് /ഭിന്നശേഷി വിഭാഗം

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം**

ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർഥികളിൽ നിന്ന് ലഭിക്കുന്ന മൊത്തം അപേക്ഷകളിൽ നിന്ന് സ്കൂൾതലത്തിൽ ഡാറ്റ എൻട്രി നടത്തി ഓൺലൈൻ പോർട്ടലിലൂടെ തെരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക്, സ്കൂൾ പ്രിൻസിപ്പൽ വഴി വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ് തുക നൽകുന്നു.

**ആർട്സ് /സ്പോർട്സ് /ഭിന്നശേഷി വിഭാഗം**

ദേശീയ തലത്തിലോ സംസ്ഥാന തലത്തിലോ കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ളവ രിൽനിന്നും ഭിന്നശേഷി വിഭാഗക്കാരിൽ നിന്നും സംസ്ഥാനതല കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത്, പ്രിൻസിപ്പൽ വഴി വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ് തുക നൽകുന്നു. ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗക്കാരുടെ മാത്രം അവരുടെ ആയതിനുള്ള യോഗ്യത തെളിയിക്കുന്ന രേഖകൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ പരിശോധനയ്ക്കായി ലഭിക്കേണ്ടതാണ് അല്ലാത്തപക്ഷം ഓൺലൈനായി ലഭിച്ച അപേക്ഷ നിരസിക്ക പ്പെടുന്നതാണ്

**സി.ബി.എസ്.ഇ.യുടെ ഒറ്റ പെൺകുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്**

സിബിഎസ്ഇ നൽകി വരുന്ന ഒറ്റ പെൺകുട്ടികൾക്കുള്ള സ്ക്കോളർഷിപ്പിന് 2023–2024 അധ്യയന വർഷത്തേക്ക് അപേക്ഷ ക്ഷണിച്ചു. സ്ക്കോളർഷിപ്പ് തുക ഒരു വർഷത്തേക്ക് 6000 രൂപയാണ് ലഭിക്കുക. ഓൺലൈനായി അപേക്ഷിക്കണം. വിദ്യാർത്ഥിനി പഠിക്കുന്ന സ്ക്കൂൾ വിദ്യാർത്ഥിനികളുടെ ഓൺലൈൻ അപേക്ഷ പരിശോധിച്ച് വിവരങ്ങൾ ഉറപ്പു വരുത്തണം.

**സെൻട്രൽ സെക്കുറൽ സ്കോളർഷിപ്പ്**

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം കോളേജ് – ബിരുദ തല റെഗുലർ പഠനം നടത്തുന്ന വിദ്യാർത്ഥി കൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്കുറൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. കേരള സ്റ്റേറ്റ് ഹയർ സെക്കന്ററി – വൊക്കേഷണൽ ഹയർ സെക്കന്ററി ബോർഡുകൾ നടത്തിയ 12–ാം ക്ലാസ്സ് പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ 20 ശതമാനം കുട്ടികളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്. ആകെ സ്കോളർഷിപ്പിന്റെ 50 ശതമാനം പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. 15 ശതമാനം സ്കോളർഷിപ്പുകൾ എസ്. സി വിഭാഗത്തിനും 7.5 ശതമാനം സ്കോളർഷിപ്പുകൾ എസ്. ടി വിഭാഗത്തിനും 27 ശതമാനം സ്കോളർഷിപ്പുകൾ ഒബിസി വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5 ശതമാനം ഭിന്നശേഷി വിഭാഗത്തിനും നീക്കി വെച്ചിരിക്കുന്നു. കേരളത്തിൽ അനുവദിക്കുന്ന ആകെ സ്കോളർഷിപ്പ ് 2324 ആണ്. ബിരുദ തലം മുതൽ (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. സ്കോളർഷിപ്പ് സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ചു നൽകും. ബിരുദ തലത്തിൽ പ്രതിമാസം 1000 രൂപയും ബിരുദാനന്തര ബിരുദ തലത്തിൽ പ്രതിമാസം 2000 രൂപയുമാണ് സ്കോളർഷിപ്പു തുക. ഒരു അധ്യയന വർഷം പരമാവധി 10 മാസമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 2022–2023 ൽ പ്ലസ് ടു കഴിഞ്ഞ് തുടർ പഠനം നടത്തുന്നവർക്കു മാത്രമേ അപേക്ഷിക്കുവാൻ സാധിക്കുകയുള്ളു.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com
ആപ്പ് : https://afctcr.com/afc-mobile-download

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# വനിതാ കമ്മീഷൻ

**വനിതാ കമ്മീഷൻ സോണൽ സംഗമം**

സെപ്റ്റംബർ 19ന് വനിതാ കമ്മീഷൻ സോണൽ സംഗമം നടന്നു. കുടുംബത്തിൽ അപ്പനും അമ്മയും കാണിക്കുന്ന മാതൃക കണ്ടാണ് മക്കൾ വളരുന്നതെന്നും അമ്മമാർ ബുദ്ധിമതികളും ജ്ഞാനികളും വിവേകമതികളും ആയിരിക്കണമെന്നും പാലക്കാട് ബിഷപ്പ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ അഭിപ്രായപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അനുഗ്രഹപ്രഭാഷണം നടത്തി. കെ.സി.ബി.സി വനിതാ കമ്മീഷൻ ട്രഷറർ ശ്രീമതി ആനി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഡിജിറ്റൽ യുഗത്തിൽ വനിതകളുടെ പങ്ക് എന്ന വിഷയത്തെ അധികരിച്ച് നടന്ന ക്ലാസ്സിന് ഡോ. മേരി മെറ്റിൽഡ നേതൃത്വം നൽകി.

ഫാ. ഡെന്നി താണിക്കൽ, എലിസമ്പത്ത് മാത്യു, ബീന ജോഷി, അഡ്വ. മിനി, നിർമ്മല ആന്റോ, ഓമന റാഫേൽ, മേരി ജോയ് എന്നിവർ പ്രസംഗിച്ചു. തൃശ്ശൂർ, പാലക്കാട്, ഇരിഞ്ഞാലക്കുട, കോട്ടപ്പുറം, സുൽത്താൻപേട്ട് എന്നീ രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**പ്രൊഫ. എലിസബത്ത് മാത്യു**
പ്രസിഡന്റ്

# ബൈബിൾ പ്രേഷിതത്വം

**1. ലോഗോസ് ക്വിസ് 2023 റാങ്ക് കരസ്ഥമാക്കിയവർ**

നമ്മുടെ അതിരൂപതയിൽ ആറ് വിഭാഗങ്ങളിലായി 27000 പേർ ലോഗോസ് ക്വിസ് പരീക്ഷയിൽ പങ്കെടുത്തു.

**Group A**

1. ജോൺ നെറ്റിക്കാടൻ (St. John Bosco Church, Mariapuram)

2. നിത്യ മരിയ പി വി (Vijayamatha Church, Chiyyaram)
3. ലാൻസിയ രാജു (St. Francis Xavier Church, Wadakkanchery)

**Group B**

1. തോമസ് ജോൺ തറയിൽ (St. Anne's Church, West Fort, Thrissur)
2. ഫ്ലെൻസി ടി എഫ് (St. Antony's Church, Machad)
3. ആൻലിയ ഡെയ്സൺ (Kanickamatha Church, Panamucku)

**Group C**

1. മിൽഡ പോൾ വി (St. Rita Church, Chittilappilly)
2. ഹണി സണ്ണി (Marymatha Church, Ollur)
3. ഐറിൻ ജോസ് (Mary Immaculate Church, Marathakkara)

**Group D**

1. ഷീജ ഡേവിസ് (St. Mary's Church, Valappaya)
2. ഷൈജി ഡെന്നി (St. Antony's Church, Varadiyam)
3. നിമി സിറിയക് (St. Joseph's Church, Kuriachira)

**Group E**

1. ആനി ജോർജ് (St. John Nepumcian Church, Parappur)
2. റൂബി ജോർജ് (Mary Immaculate Church, Marathakkara)
3. ഹെലൻ കുരിയൻ (Little Flower Church, Olarikkara)

**Group F**

1. ഫിലോമിന ബേബി (St. Joseph's Church, Kannara)
2. റീത്ത ജോർജ് (O. L. of Assumption Church, Pallikkunnu)
3. മേരി ഫ്രാൻസിസ് (St. Thomas Church, Aranattukkara)

റാങ്ക് കരസ്ഥമാക്കിയ എല്ലാവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ!

**2. ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേ 2023**

ഈ വർഷത്തെ ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേ ഡിസംബർ 17 ഉച്ചകഴിഞ്ഞ് 2.30 ന് സെൻറ് തോമസ് കോളേജ് പാലോക്കാരൻ സ്ക്വയറിൽ വച്ച് നടത്തപ്പെടുന്നു.

**3. വിശുദ്ധനാട് തീർത്ഥാടനം**

2023 ഒക്ടോബർ 6 മുതൽ 16 വരെ ബൈബിൾ പ്രേഷിതത്വത്തിന്റെ നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥാടനം നടത്തി.

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ

**സാന്ത്വനം ചാരിറ്റി ദിനം ആചരിച്ചു.**

തൃശൂർ അതിരൂപത സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ ചാരിറ്റി ദിനം ആചരിച്ചു. ജാർഖണ്ഡ് ഗവർണർ ശ്രീ.സി.പി.രാധാകൃഷ്ണൻ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഉദ്ഘാടനവും നിർവഹിച്ചു. തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴിയുടെ മെത്രാഭിഷേക സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള ചടങ്ങ് ഉദ്ഘാടനം ചെയ്യാൻ എത്തിയതായിരുന്നു ജാർഖണ്ഡ് ഗവർണർ ശ്രീ.സി.പി.രാധാകൃഷ്ണൻ. വലിയ ജനപങ്കാളിത്തമുണ്ടായിരുന്ന ചടങ്ങിൽ വെച്ച് സാന്ത്വനത്തിന്റെ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ നേർന്നുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തൃശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടന്ന സാന്ത്വനസ്പർശം എന്ന ചടങ്ങിൽ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്തു. ചടങ്ങിൽ സാമൂഹ്യ സേവന സംഘടന രംഗത്ത് മുന്നിൽ നിൽക്കുന്ന സാന്ത്വനത്തിന്റെ വിവിധ ക്ഷേമപദ്ധതികളും ഉദ്ഘാടനം ചെയ്തു. 50 കുടുംബങ്ങൾക്ക് വീട് വെച്ച് നൽകുന്ന സാന്ത്വനം ഭവനം പദ്ധതിയുടെ ഉദ്ഘാടനവും ഒപ്പം സാന്ത്വനം ഗ്രീൻ പദ്ധതിയുടെ ഗുണഭോക്താക്കളായവർക്ക് സിഎൻജി കൈമാറുന്ന ചടങ്ങും ഗവർണർ നിർവഹിച്ചു.അർഹതപ്പെട്ടവർക്കുള്ള പട്ടയ വിതരണം റവന്യൂ വകുപ്പ് മന്ത്രി അഡ്വ.കെ.രാജൻ നിർവഹിച്ചു. സ്വയം സഹായ സംഘങ്ങൾക്കുള്ള ലോൺ വിതരണം വൈദ്യുത മന്ത്രി ശ്രീ.കെ.കൃഷ്ണൻക്കുട്ടി നിർവഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ് തൂങ്കുഴി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**സജീവം ലഹരി വിരുദ്ധ ക്യാമ്പയിൻ**

കാരിത്താസ് ഇന്ത്യയുടെയും സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സജീവം ലഹരി വിരുദ്ധ അവബോധ ക്ലാസ് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ രണ്ടാം ഡിവിഷൻ അംഗൻവാടിയിൽ വെച്ച് നടന്നു. സാന്ത്വനം വളണ്ടിയർ ലഹരി വിരുദ്ധ സന്ദേശം പകർന്നു. രണ്ടാം ഡിവിഷൻ കൗൺസിലർ ശ്രീ.ബിജീഷ് ഔദ്യോഗികമായി പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കുട്ടികളിലെയും ചെറുപ്പക്കാരിലെയും ലഹരി

ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ലഹരി എങ്ങനെ തടയാമെന്നും ക്ലാസ്സിൽ ചർച്ച ചെയ്തു. മാതാപിതാക്കൾക്ക് ലഹരിയെക്കുറിച്ചുള്ള കൈപുസ്തകവും കൈമാറി.എ.എൽ.എം.സി.അംഗം ഹെൻസി, വാർഡിലെ ആശാവർക്കർ സുപ്രിയ ടി., അംഗൻവാടി വർക്കർ മേഴ്സി തുടങ്ങിയവർ ക്ലാസ്സിൽ പങ്കെടുത്തു

**അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യകിറ്റുകൾ നൽകി**

കാരിത്താസ് ബെൽജിയത്തിന്റെ സഹായത്തോടെ കാരിത്താസ് ഇന്ത്യ സാന്ത്വനം മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സേഫ് മൈഗ്രേഷൻ. പദ്ധതിയുടെ ഭാഗമായി 50 അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. സാന്ത്വനം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.ജോയ് മൂക്കൻ വിതരണോദ്ഘാടനം നിർവ്വഹിച്ചു. സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, അസി. ഡയറക്ടർ ഫാ.ഡിക്സൺ കൊളമ്പ്രത്ത്, സാന്ത്വനം പ്രോജക്ട് കോർഡിനേറ്റർ ശ്രീ.നെൽസൺ എന്നിവർ പങ്കെടുത്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.ഡിക്സൻ കൊളമ്പ്രത്ത്**
അസി.ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. മേഖല സമ്മേളനങ്ങൾ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ മേഖല സമ്മേളനങ്ങൾ 17.09.2023 ന് സംഘടിപ്പിച്ചു.

**1. വടക്കൻ മേഖല സമ്മേളനം**

തൃശ്ശൂർ അതിരൂപത എരുമപ്പെട്ടി തിരുഹൃദയ ഫൊറോന പള്ളിയിൽ വടക്കൻ മേഖല സമ്മേളനം അരങ്ങേറി. റവ. സി. സ്റ്റെല്ല മരിയ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. എരുമപ്പെട്ടി ഫൊറോന പ്രസിഡന്റ് ശ്രീ. ജോർജ്ജ് സി.കെ. സ്വാഗതമരുളി. എരുമപ്പെട്ടി ഫൊറോന പ്രമോട്ടർ റവ. ഫാ. ഡേവിസ് ചക്കാലയ്ക്കൽ അദ്ധ്യക്ഷനായ യോഗം എരുമ

പ്പെട്ടി ഫൊറോന വികാരി വെരി. റവ. ഫാ. ജോഷി ആളൂർ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷകനായി. ഒക്ടോബർ 2ന് നടക്കുന്ന വാർഷിക സമ്മേളനപരിപാടികൾ സമ്മേളന ജനറൽ കൺവീനർ ടി. എസ്. അബ്രാഹം പരിചയപ്പെടുത്തി. അതിരൂപത സെക്രട്ടറി ശ്രീ. സിജോ ഇഞ്ചോടിക്കാരൻ, അതിരൂപത ട്രഷറർ ശ്രീ. കൊച്ചുവർക്കി തരകൻ എന്നിവർ ആശംസകൾ നേർന്നു. മേഖല കൺവീനർ ശ്രീ. ലിന്റോ ഫ്രാൻസീസ്, അതിരൂപത ജോയിന്റ് സെക്രട്ടറി ശ്രീമതി ലിജിൻ ബാബു എന്നിവർ നേതൃത്വം നൽകി. എരുമപ്പെട്ടി ഫൊറോന സെക്രട്ടറി ശ്രീ. റോബിൻ റാഫേൽ കൃതജ്ഞതയരുളി.

**2. പടിഞ്ഞാറൻ മേഖല സമ്മേളനം**

ചെമ്മണ്ണൂർ സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ സംഘടിപ്പിച്ച പടിഞ്ഞാറൻ മേഖല സമ്മേളനത്തിൽ എ. വി. ഫ്രാൻസിസ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ചെമ്മണ്ണൂർ സമിതി പ്രസിഡന്റ് ശ്രീ. സി.ജെ ബാബു സ്വാഗതമരുളി. ഇടവക വികാരി റവ. ഫാ. ഫെബിൻ കൂത്തൂർ അദ്ധ്യക്ഷനായ യോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ് . വാർഷിക സമ്മേളനപരിപാടികൾ സമ്മേളന ജനറൽ കൺവീനർ ടി. എസ്. അബ്രാഹം വിശദീകരിച്ചു. അതിരൂപത മുൻ ആനിമേറ്റർ റവ. സി. റോസ്‌ലിൻ, ശ്രീ. റാഫേൽ, ശ്രീ. ജോൺസൺ, ശ്രീ. ജോർജ്ജ് എന്നിവർ ആശംസകരായി.

**2. വാർഷിക സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപത 26–ാം വാർഷിക സമ്മേളനം സംഘടിപ്പിച്ചു. തൃശ്ശൂർ പുത്തൻപള്ളി ബസലിക്കാ ഹാളിൽ അരങ്ങേറിയ സമ്മേളനത്തിന് അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ പതാക ഉയർത്തി. “പൊതുസമൂഹത്തെ ആത്മഹത്യയിലേക്ക് നയിക്കുന്നതാണ് മദ്യമയക്കുമരുന്നു ലഹരികൾ” എന്ന് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ. ടോണി നീലങ്കാവിൽ പ്രസ്താവിച്ചു. വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പിതാവ്. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ സമ്മേളനത്തിൽ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷകനായി. ബ്രദർ ജോസഫ് പുതുമന, മൗലവി ജമാലുദ്ധിൻ മങ്കട എന്നിവർ പ്രഭാഷണങ്ങൾ നടത്തി. ശ്രീ. ഉണ്ണികൃഷ്ണൻ മരോട്ടിച്ചാൽ, വർഗ്ഗീസ് എൻ.എ., ജോസ് പിണ്ടിയാൻ, മോനി ജോർജ്ജ് മഞ്ഞളി, മാത്യു മണ്ണൂർ എന്നി

വരെ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളുടെ പേരിൽ ആദരിച്ചു. റെക്ടർ വെരി. റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഗുരുവായൂർ സഗരസഭ മുൻ അദ്ധ്യക്ഷ ശ്രീമതി മേഴ്സി ജോയ്, ശ്രീ. സാബു എടാട്ടുകാരൻ, എന്നിവർ ആശംസയർപ്പിച്ചു. പ്രോഗ്രാം കൺവീനർ ശ്രീ. സിപി. ഡേവിസ്, സ്വാഗതവും ജനറൽ കൺവീനർ ശ്രീ. ടി. എസ്. അബ്രാഹം കൃതജ്ഞതയും അർപ്പിച്ചു. ശ്രീ. സിജോ ഇഞ്ചോടിക്കാരൻ, കൊച്ചുവർക്കി തരകൻ, റവ. സി. എൻസ്വീഡ്, ലിന്റോ ഫ്രാൻസിസ്, ഷീന ജോസ്, രാജു പാറപ്പുറം തുടങ്ങിയവർ നേതൃത്വം നൽകി.

**3. പുസ്തക പ്രകാശനം**

ശ്രീ. സേവ്യർ പള്ളിപ്പാടൻ രചിച്ച 'വിഷമവൃത്തം ഭേദിക്കാൻ' എന്ന പുസ്തകം റവ. ഫാ. ടിജോ മുള്ളക്കര, റവ. ഫാ. ഡേവിസ് ചക്കാലയ്ക്കലിന് കൈമാറിക്കൊണ്ടും, റവ. ഫാ. വർഗ്ഗീസ് തുരുത്തിച്ചിറ VC രചിച്ച 'പടപൊരുതാം' എന്ന തെരുവുനാടക പുസ്തകം റവ. ബ്രദർ എഡ്വിൻ കുറ്റിക്കൽ MMB, റവ. ഫാ. ജെയ്സൺ കൂനംപ്ലാക്കലിന് കൈമാറിക്കൊണ്ടും പ്രകാശനം ചെയ്തു.

'വിഷമവൃത്തം ഭേദിക്കാൻ' എന്ന പുസ്തകത്തിന്റെ വിതരണോദ്ഘാടനം പാലക്കാട് രൂപത മെത്രാൻ മാർ പീറ്റർ കൊച്ചുപുരക്കൽ പിതാവ് നിർമ്മലദാസി സന്ന്യസസമൂഹത്തിന്റെ മദർ ജനറൽ ബഹുമാനപ്പെട്ട സി. എൽസി ഇല്ലിക്കലിന് ആദ്യപതി നൽകിക്കൊണ്ട് നിർവ്വഹിച്ചു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

## ചിൽഡ്രൻസ് മിനിസ്ട്രി

**സാഹിത്യമത്സരങ്ങൾ**

തൃശ്ശൂർ അതിരൂപതയിലെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി 2023 ആഗസ്റ്റ് 12 -ാം തിയ്യതി ശനിയാഴ്ച്ച നടത്തിയ സാഹിത്യമത്സര ഫലം ഒക്ടോബർ 9-ാം തിയതി പ്രസിദ്ധീകരിച്ചു. മത്സരവിജയികൾക്കുള്ള സമ്മാനദാനം 2024 ജനുവരി 28-ാം തിയതി ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 1.30 ന് വിതരണം ചെയ്യു

ന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**സ്കൂൾ തിരുബാലസഖ്യം കലാമത്സരങ്ങൾ 2023**

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലാമത്സരം നവംബർ 11-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 8.30 ന് സെന്റ് ക്ലയേഴ്സ് സ്കൂളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**ക്രിസ്തുമസ് സന്ദേശ പ്രസംഗമത്സരം**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി., കുട്ടികൾക്കായി ക്രിസ്തുമസിനോട് അനുബന്ധിച്ച് ക്രിസ്തുമസ് സന്ദേശ പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. ക്രിസ്തുമസ് സന്ദേശമടങ്ങുന്ന ഒരു മിനിറ്റ് കവിയാത്ത വീഡിയോ ചിത്രീകരിച്ച് 9947582522 എന്ന വാട്ട്സ് അപ്പ് നമ്പറിലേക്ക് നവംബർ 12 -ാം തിയതി അയച്ചുതരേണ്ടതാണ്. നവംബർ 12 ന് മുമ്പോ ശേഷമോ വീഡയോ അയയ്ക്കാൻ പാടുള്ളതല്ല. വീഡിയോ ഡോക്യുമെന്റ് ഫോർമാറ്റിൽ, ഫയലിൽ പേര്, ഇടവക, സംഘടന എന്നിവ രേഖപ്പെടുത്തിയാണ് അയയ്ക്കേണ്ടത്. വീഡിയോയിൽ മറ്റു സാങ്കേതിവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ആനിമേഷൻസോ, മറ്റു ശബ്ദങ്ങളോ ചേർക്കുവാൻ പാടുള്ളതല്ല, എന്നാൽ മത്സരാർത്ഥിയുടെ ശബ്ദവും മുഖവും വ്യക്തമായിരിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഗുണനിലവാരമുള്ള വീഡിയോസ് മീഡിയ കത്തോലിക്ക യൂറ്റൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്യുന്നതാണ്. സന്ദേശം പറയുന്നതിന് ഉപയോഗിക്കേണ്ട ഭാഷ മലയാളമാണ്. ഇതിനോടകം ഓഗസറ്റ് 15 നും സെപ്റ്റംബർ 8 നും ഇതേരീതിയിൽ പ്രസംഗമത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു.

## Saints’ Quiz Forane Level

ഇടവകതലത്തിൽ നടത്തിയ Saints’ Quiz പരീക്ഷയിൽ ഓരോ വിഭാഗത്തിലും (സബ് ജൂനിയർ, ജൂനിയർ, സീനിയർ) ഫസ്റ്റ് കിട്ടിയ കുട്ടികളുടെ പേരുകൾ ഫൊറോന രജിസ്ട്രേഷൻ ഫോമിൽ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടുകൂടെ 2023 നവംബർ 13-ാം തിയതിക്കുള്ളിൽ അതാത് ഫൊറോനകളിലെ ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടറെ ഏൽപിക്കേണ്ടതാണ്. ഫൊറോന തല പരീക്ഷ ഡിസംബർ 3 നാണ് നടത്തപ്പെടുക.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** “ചെറിയകാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും.’ (ലൂക്കാ 16: 10)

**സുകൃതജപം:** ഈശോയെ, എല്ലാ മരിച്ചവിശ്വാസികളുടെയും ആത്മാക്കളുടെമേൽ കരുണയായിരിക്കണമേ!

**പ്രാർത്ഥനാ നിയോഗം:** ശിരസായ ക്രിസ്തുവിനോട് ചേർന്ന് നിന്നുകൊണ്ട് പരിശുദ്ധാത്മാവിന്റെ പ്രത്യേക കൃപാവരത്താൽ സഭയയെ നയിക്കുവാൻ വേണ്ട കൃപ പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് മാർപാപ്പയ്ക്ക് ലഭിക്കുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** ക്രിസ്തുവിന്റെയും 12 അപ്പസ്തോലന്മാരുടേയും ഓർമ്മയ്ക്ക് ദിനംപ്രതി 13 ദരിദ്രർക്ക് സ്വന്തം മേശയിൽ ഭക്ഷണം കൊടുത്തിരുന്നവനും എന്നാൽ ആരാലുംതന്നെ അധികമായി ശ്രദ്ധ കേന്ദ്രീകരിക്കാത്തവനുമായ വി. ഗോഡ്ഫ്രേ ആണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. ശാന്തതയുടേയും, ക്ഷമയുടേയും വിളനിലമായിരുന്ന വിശുദ്ധൻ പാവപ്പെട്ടവരുടേയും, രോഗികളുടേയും ആശ്രയമായിരുന്നു. വളരേ ചെറുപ്പത്തിൽ തന്നെ ഫ്രാൻസിലെ ആമീൻസിലെ ബിഷപ്പായി നിയമിക്കപ്പെട്ടപ്പോൾ അനുതാപവസ്ത്രം ധരിച്ച് നഗ്നപാദേയനായിട്ടാണ് അദ്ദേഹം നഗരത്തിലേക്ക് പ്രവേശിച്ചത്. മെത്രാസനഭവനത്തിൽ ഒരു സന്യാസിയെപോലെയാണ് അദ്ദേഹം ജീവിച്ചത്. നവംബർ 8 ന് തിരുസഭ ഈ വിശുദ്ധനെ സ്മരിക്കുന്നു.

**പ്രവർത്തനം :** ശുദ്ധീകരണസ്ഥലത്ത് സങ്കടപ്പെടുന്ന ആത്മാക്കൾക്ക് വേണ്ടി സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ത്യാഗപ്രവർത്തികൾ അനുഷ്ഠിക്കുക

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**തൃശൂർ സെൻട്രൽ കൗൺസിൽ**

തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ 14 പേരടങ്ങുന്ന ഒരു ടീം മിഷൻ ഓഡിഷാ പ്രവർത്തനത്തിന്റെ ഭാഗമായി 26-09-2023 തൃശൂരിൽ നിന്നും ട്രെയിൻ മാർഗ്ഗം യാത്രതിരിച്ചു. സി.സി. പ്രസിഡണ്ട് ബ്ര. ജോസ്

ജെ. മഞ്ഞളി, സെക്രട്ടറി ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി, ട്രഷർ ബ്ര. വിൽസൺ സി.കെ., വൈസ് പ്രസിഡണ്ട് ബ്ര.ഷിബു കെ.എ., എക്സിക്യൂട്ടീവ് അംഗം ബ്ര. ജിനോ ജോസ്, ചേലക്കര എ.സി. പ്രസിഡണ്ട് ബ്ര. റെജി മംഗലത്ത് എന്നിവരുടെ നേതൃത്വത്തിൽ 8 യുവജന അംഗങ്ങളും യാത്രയുടെ ഭാഗമായി. 33 മണിക്കൂർ നീണ്ട ട്രെയിൻ യാത്രയ്ക്ക് ശേഷം 28–ാം തിയതി ഭുവനേശ്വറിൽ എത്തിച്ചേർന്നു. പകൽ 7.30ന് ബിഷപ് ഹൗസിന് ചേർന്നുള്ള വിൻസെൻഷ്യൻ പ്രോകത്തീട്രൽ ദേവാലയത്തിൽ ഫാ.ഫ്രാൻസിസ് പുത്തൻതൈലിന്റെ കാർമ്മികത്വത്തിലുള്ള ദിവ്യബലിക്ക് ശേഷം സന്ദർശനങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കുമായി തുറബാടി, പാൻകാളി, ബാഡഗോൺ, ചാടക്യ, തമാങ്കി തുടങ്ങിയ വില്ലേജുകൾ സന്ദർശിക്കുകയും അവിടുത്തെ നിവാസികളുടെ കൂടെ താമസിക്കുകയും മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. 4 ദിവസങ്ങളിലായി വിവിധ വില്ലേജുകളിൽ താമസിച്ച് അവരുടെ ജീവിതാനുഭവങ്ങൾ അടുത്തറിയുകയും അവരുടെ കുടുംബത്തിന്റെ ഭാഗമായി മാറി തങ്ങളുടെ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുന്ന അനുഭവങ്ങൾ സമ്പാദിച്ച് അവിടുത്തെ കുടുംബങ്ങളെ ദത്തെടുക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചുകൊണ്ടാണ് മടങ്ങിയത്. സ്വയം തൊഴിൽ സംവിധാനങ്ങൾ കണ്ടെത്തുന്നതിനും ചികിൽസ സൗകര്യങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കുന്നതിനും വേണ്ട പദ്ധതികൾ യാത്രയിൽ ടീമിനോടൊപ്പം കൂടിയ നാഷണൽ പ്രസിഡണ്ട് ബ്രദർ ജൂഡ് മംഗൾ രാജ്മായി പങ്കുവെച്ച് പൂർണ്ണ തൃപ്തിയോടെ ഏവർക്കും വിശുദ്ധന്റെ തിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ടാണ് സംഘം തിരിച്ചുപോന്നത്. അവസാനദിവസം ഭുവനേശ്വർ ആർച്ച് ബിഷപ് മോസ്റ്റ് റവ. ജോൺ ബർവായോടൊത്ത് അത്താഴം കഴിച്ചു, രാത്രിയിൽ അവിടെ താമസിച്ചു. യുവജനങ്ങൾക്ക് മിഷൻ ഓഡിഷ ഒരു വേറിട്ട അനുഭവമായി മാറി. 03–10–2023 ന് തൃശൂരിൽ തിരിച്ചെത്തി.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

## യൂത്ത് മിനിസ്ട്രി

**യുവജന ക്യാമ്പുകൾ**

സെപ്റ്റംബർ 22, 23, 24 – സെന്റ് ഇഗ്നേഷ്യസ് ചർച്ച്, മണലൂർ ഈസ്റ്റ്
ഒക്ടോബർ 13, 14, 15 – സെന്റ് തോമസ് ചർച്ച്, തിരൂർ

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ,
യൂത്ത് മിനിസ്ട്രി

**ഫാ. അജിത് തച്ചോത്ത്**
കോർഡിനേറ്റർ,
യുവജനവർഷം

## അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അതിരൂപത മാധ്യമ ദിനം നവംബർ പന്ത്രണ്ടാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 30 ന് സെൻറ് തോമസ് കോളേജ് മെഡലിക്കോട്ട് ഹാളിൽ വച്ച് നടക്കും. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്യുന്ന പൊതുസമ്മേളനത്തിൽ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അധ്യക്ഷത വഹിക്കും. ചാൻസിലർ റവ. ഡോ. ഡൊമിനിക് തലക്കോടൻ മുഖ്യപ്രഭാഷണം നടത്തും.

**പാരിഷ് ബുള്ളറ്റിൻ സമ്മാനവിതരണം**


2022 വർഷത്തിലെ പാരിസ് ബുള്ളറ്റിൻ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ ഈ സമ്മേളനത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. കൂടാതെ അതിരൂപത പബ്ലിക്ക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡ് വിതരണവും ഈ അവസരത്തിൽ നടക്കും.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ



2023 നവംബർ 18ന്
മെത്രാഭിഷേകത്തിന്റെ
ആറാം വാർഷികം
ആഘോഷിക്കുന്ന
അഭിവന്ദ്യ **മാർ ടോണി നീലങ്കാവിൽ** പിതാവിന്
തൃശ്ശൂർ അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ





സകല വിശുദ്ധരുടെയും തിരുന്നാൾ
**നവംബർ 1**

സകല മരിച്ചവരുടെയും ഓർമ്മദിനം
**നവംബർ 2**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.10.2023
**November- 2023**

50 –ാം ചരമവാർഷികം



# മാർ ജോർജ്ജ് ആലപ്പാട്ട്

**(1944–1970)**

മുൻ രൂപതാധ്യക്ഷൻ, തൃശ്ശൂർ രൂപത

| | |
|---|---|
| ജനനം | : 11.02.1900 |
| തിരുപ്പട്ടം | : 17.12.1927 |
| മെത്രാഭിഷേകം | : 01.05.1944 |
| മരണം | : 06.11.1973 |

*ആദരാഞ്ജലികളോടെ,* **തൃശ്ശൂർ അതിരൂപത കുടുംബം**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor